www.malankaralibrary.com

# കേരള കത്തോലിക്കർ.

By:

റവ: ഫാദർ ശമുവേൽ ശങ്കരത്തിൽ

കിഴക്കുപുറം., പത്തനംതിട്ട.

പ്രസാധിക:

ഡയിസി ശങ്കരത്തിൽ

എം. ഏ. ബി. എഡ്. (മലയാളം)

ചങ്ങനാശ്ശേരി.

1987.

www.malankaralibrary.com



## റവ: ഫാദർ ശമുവേൽ ശങ്കരത്തിൽ.

| | | |
|---|---|---|
| ജനനം | : | 1916-12-13. |
| വൈദികപട്ടം | : | 1949-6-2. |
| പുനരൈക്യം | : | 1951-3-9. |
| മരണം | : | 19__________ |

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കേരള കത്തോലികർ.

By:

റവ: ഫാദർ ശമുവേൽ ശങ്കരത്തിൽ

കിഴക്കുപുറം., പത്തനംതിട്ട.

പ്രസാധിക:

ഡയിസി ശങ്കരത്തിൽ

എം. എ. ബി. എഡ്. (മലയാളം)

ചങ്ങനാശ്ശേരി.

1987.

വില: 2 രൂപാ.

www.malankaralibrary.com

# സമർപ്പണം.

ദൈവം സ്ഥാപിച്ച സഭ കത്തോലിക്കാസഭ ആണെന്നു ബോദ്ധ്യമായപ്പോൾ മലബാർ സ്വതന്ത്ര സുറിയാനിസഭയിൽ തനിക്കുണ്ടായിരുന്ന സർവ്വവും ഉപേക്ഷിച്ച് 1977—ൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട് അറുപതാം തിരുവയസ്സിലേക്ക് പ്രവേശിച്ച്; പുണ്യജീവിതം കഴിക്കുന്ന നി. വ. ദി. മ. ശ്രീ. പൗലൂസ് മാർ ഫീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പാദാരവിന്ദങ്ങളിൽ ഈ പുസ്തകം ഭക്ത്യാദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

കിഴക്കുപുറം,
1987-6-29.

തിരുമനസ്സിലെ ആത്മീയമകൻ
ഫാദർ ശമുവേൽ ശങ്കരത്തിൽ.

www.malankaralibrary.com

# പ്രസ്താവന.

ഞാൻ യാക്കോബായ സഭയിലാണ് ജനിച്ചത്. യേശുക്രിസ്തു സ്ഥാപിച്ച സഭ അതാണൊന്നായിരുന്നു എൻെറ ബോദ്ധ്യം. ഞാൻ വൈദികനായതിനുശേഷം സഭാചരിത്രം കൂടുതലായിപഠിച്ചപ്പോൾ, ആറാംനൂററാണ്ടിൽ അന്നത്തെ സിറിയാ രാജ്യത്തു് യാക്കോബുർദ്ദാന എന്ന ഒരാൾ സ്ഥാപിച്ചതാണ് യാക്കോബായസഭയെന്നും; കേരളത്തിൽ ആ സഭയുണ്ടായതു് 1653-ൽ നടന്ന കൂനൻകുരിശു സത്യത്തിനു ശേഷമാണെന്നും, എനിയ്ക്കു മനസ്സിലായി. അതിനാൽ പഴയ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടേണ്ടതു് എൻെറനിത്യരക്ഷയ്ക്കു് അത്യാവശ്യമാണെന്നു് ഞാൻ വിശ്വസിച്ചുകൊണ്ടു്; എൻെറ ഗവ: സ്കൂൾ ജോലി, മുതലായ സകലതും ഉപേക്ഷിച്ചു്, 1951-ൽ ഞാൻ പുനരൈക്യപ്പെട്ടു. മേലധികാരികൾ താമസ്സിയാതെ എന്നെ മിഷ്യൻവേലയ്ക്കു് നിയോഗിച്ചു. വനപ്രദേശങ്ങളിലുള്ള എൻെറ മിഷ്യൻസ്ഥലങ്ങളിൽ, തമിഴ്നാട്ടിൽനിന്നു് ലത്തീൻകത്തോലിക്കർ വന്നു താമസ്സമായിട്ടുണ്ടു്. മലബാർറീത്തിൽപ്പെട്ട ധാരാളം പേർ കുടിയേററക്കാരായും താമസ്സമാക്കിയിരിക്കുന്നു. അവിടെ മലങ്കരറീത്തുകാരും, പുത്തൻകൂററുകാരുമുണ്ടു്. അവർക്കു് റീത്തുകളേപ്പററി അറിവു വളരെ കുറവാണു്. തമിഴർ പറയും അവരാണു് ആർസികാർ (റോമൻ കത്തോലിക്കർ) എന്നു്. മലബാർറീത്തുകാർ പറയുന്നതു്

www.malankaralibrary.com



അവരാണ് യഥാർത്ഥ കത്തോലിക്കർ എന്നാണ്. മലങ്കരക്കാർക്ക് മററു റീത്തുകളെപ്പററി തീരെ അറിവില്ല. ഇവരുടെ ഇടയിൽ മിഷ്യൻവേല ചെയ്യുന്നതു് വളരെ പ്രയാസമായിത്തീർന്നു. അതിനാൽ സാമാന്യ ജനങ്ങൾക്ക് മനസ്സിലാകത്തക്കനിലയിൽ കേരളത്തിലെ റീത്തുകളെപ്പററി ഒരു പുസ്തകം എഴുതുന്നതു് നല്ലതായിരിക്കുമെന്നു് എന്റെ ഗുണകാംക്ഷികൾ എന്നെ നിർബ്ബന്ധിച്ചു. അതനുസരിച്ചു് ഞാൻ ഇതിനു ശ്രമിച്ചതാണ്. കേരളത്തിലെ റീത്തിൽ മലബാർ റീത്താണല്ലോ ഉന്നതനിലയിലിരിക്കുന്നതു്. അതിനാൽ അവരേപ്പററി കൂടുതൽ എഴുതേണ്ടിവന്നു

ഇതിനു് സഹായിച്ച സകലരോടും, പ്രത്യേകിച്ചു് എന്നെ പ്രോത്സാഹിപ്പിച്ച ശ്രീ ആൻറണി പറ്റുരുതു് [ബോംബെ] അവർകളോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഫാദർ ശമുവേൽ ശങ്കരത്തിൽ

കിഴക്കുപുറം,
1987 ജൂലൈ 3.

www.malankaralibrary.com

# പ്രാരംഭം.

## മാർത്തോമ്മാശ്ലീഹായുടെ വരവ്.

ക്രിസ്തുവർഷം 52 ലാണ് മാർത്തോമ്മാശ്ലീഹാ കേരളത്തിൽ കൊടുങ്ങല്ലൂർ വന്നതു്. അവിടെയാണ് അദ്ദേഹം ആദ്യമായി ബ്രാഹ്മണരെയും മററും മതപരിവത്തനം ചെയ്യിച്ചതെന്നാണ് പാരമ്പര്യം പറയുന്നതു്. തുറമുഖത്തിന്റെ ഓരോ ഭാഗത്തിനും പ്രത്യേകംപേരുകൾ ഉണ്ടായിരുന്നു. മാല്യങ്കര എന്നഭാഗം വളരെ പ്രസിദ്ധിയുള്ളതായിരുന്നു. ആ സ്ഥലത്തിന്റെ പേരാണ്, പിന്നീട് "മലങ്കര" ആയതു്. അതിനാൽ കേരളത്തിലെ കത്തോലിക്കർ ആ സ്ഥലത്തോടുള്ള ബഹുമാനസൂചകമായി 'മലങ്കര സുറിയാനി കത്തോലിക്കർ' എന്നു് എഴുതുവാൻ തുടങ്ങി. അവരിൽനിന്നു പിരിഞ്ഞ പുത്തൻകൂററുകാർ പിന്നീട് യാക്കോബായക്കാരായപ്പോൾ 'മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ' എന്നും, അവരിൽനിന്നും പിരിഞ്ഞ മാർത്തോമ്മാക്കാർ 'മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികൾ' എന്നും പേരെടുത്തിരിക്കുന്നു. 1930 ൽ റോമിൽനിന്നു് അനുവദിച്ച മലങ്കര റീത്തുകാരും ഇപ്പോൾ "മലങ്കര സഭ" എന്നാണെഴുതുന്നതു്. മാർത്തോമ്മാശ്ലീഹ കേരളത്തിൽ മററു പല സ്ഥലത്തും സഭ സ്ഥാപിച്ചതിനുശേഷം മൈലാപ്പൂരിൽവച്ചു് രക്തസാക്ഷിയായി മരിച്ചു.

www.malankaralibrary.com


# കേരളത്തിലെ ആദ്യത്തെ ആരാധനാരീതി

യേശുക്രിസ്തു സംസാരിച്ച ഭാഷ കൽദായസുറിയാനി (പൗരസ്ത്യ സുറിയാനി) ആയിരുന്നതുകൊണ്ടു് തോമ്മാശ്ലീഹാ സഭ സ്ഥാപിച്ചിടത്തെല്ലാം ആ ഭാഷയിൽ തന്നെ ജനങ്ങൾ ആരാധന നടത്തണമെന്നു് അദ്ദേഹം ഉപദേശിച്ചിരുന്നതായി ചില കത്തോലിക്കർ പറയുന്നു. അതു വിശ്വസിക്കാൻ നിവൃത്തിയില്ല; കാരണം ജനങ്ങൾക്കു് മനസ്സിലാക്കാൻ പററാത്ത ഒരു ഭാഷയിൽ ആരാധന നടത്തിക്കൊള്ളണമെന്നു അദ്ദേഹം ഉപദേശിച്ചിരുന്നുവെന്നു പറയുന്നതു് യുക്തിയ്ക്കു ചേരുന്നില്ല.

തോമ്മാശ്ലീഹാ വന്നകാലത്തു് മലയാളം ഇന്നത്തെപ്പോലെ സാഹിത്യഭാഷ ആയിരുന്നില്ല. അന്നു് കേരളത്തിൽ [ചേരനാടു്] തമിഴ് ആയിരുന്നു പ്രധാന ഭാഷ. ശ്ലീഹാ തന്റെ പിൻഗാമികളായി മേല്പട്ടക്കാരെയും, പട്ടക്കാരെയും കർമ്മാദികൾ നടത്തുവാൻ പഠിപ്പിച്ചിരുന്നു. അച്ചടി കണ്ടുപിടിച്ചിട്ടില്ലായിരുന്ന കാലത്തു് ലോകത്തിലുള്ള എല്ലാ ക്രിസ്ത്യാനികളും വാക്കുമൂലവും കയ്യെഴുത്തു ഗ്രന്ഥങ്ങളും ഉപയോഗിച്ചാണു് ആരാധന നടത്തിയിരുന്നതു്. അക്കാലത്തു് സാധാരണയായി ഞായറാഴ്ചയും പെരുനാൾദിവസവുമാണു് വി. കർബ്ബാന ചൊല്ലിയിരുന്നതു്. അതു നടത്തേണ്ടവിധം വൈദീകരെ ഗുരുക്കന്മാർ വാക്കുമൂലം പഠിപ്പിച്ചിരുന്നു. ക്രിസ്തുവർഷം 345 വരെയും ഇങ്ങനെയുള്ള ആരാധനരീതിയാണു് കേരളത്തിൽ നിലവിലിരുന്നതു്. അന്നത്തെ ആരാധനക്രമത്തിനു് "ദ്രാവിഡീയൻ റീത്തു്" എന്നു പറയാവുന്നതാണു്. ആ ആരാധന അന്നു് കേരളത്തിൽ 'വട്ടെഴുത്തു്'

www.malankaralibrary.com


'കോലെഴുത്ത്', 'നാനംമൂനം' മുതലായ അക്ഷരങ്ങൾ ചേർത്ത് എഴുതിയിരുന്ന മലയാണ്മയിലും (മലയാളം) തമിഴിലും നടത്തിയിരുന്നുവെന്ന് നമുക്ക് ന്യായമായി നിശ്ചയിക്കാവുന്നതാണ് അല്ലാതെ പൗരസ്ത്യസുറിയാനി (കൽദായസുറിയാനി) യിലായിരുന്നുവെന്ന് വിശ്വസിക്കുവാൻ ഒട്ടുംനിവൃത്തിയില്ല.

## സാർവ്വത്രിക സഭയുടെ പരമാധികാരം.

കേരളത്തിലെ ക്രിസ്ത്യാനികൾ ആകമാനസഭയിലെ അംഗങ്ങൾ തന്നെയായിരുന്നു. ഇന്നത്തെപ്പോലെ അക്കാലത്ത് വാർത്താവിനിമയം ഇല്ലായിരുന്നുവെങ്കിലും ഇൻഡ്യയിലെ സഭയുടെ മെത്രാണായി യോഹന്നാൻ എന്ന ഒരു മേല്പട്ടക്കാരൻ ക്രിസ്തുവർഷം 325-ൽ നടന്ന നിഖ്യാസുന്നഹദോസിൽ ഒപ്പുവച്ചിരിക്കുന്നതായി കാണുന്നതുകൊണ്ട് കേരളത്തിലെ(ഇൻഡ്യയിലെ) സഭ, സാർവ്വത്രിക സഭയുടെ പരമാധികാരത്തിൽ കീഴിലുള്ള സഭയായിരുന്നുവെന്നുള്ളതിൽ സംശയമില്ല.

## കേരളത്തിൽ വേറെ ഒരു റീത്ത് ഉണ്ടാകുന്നു.

നിഖ്യാസുന്നഹദോസിൽ പറയുന്ന നാലു സിംഹാസനങ്ങളിൽ അന്ത്യോഖ്യസിംഹാസനത്തിന്റെ കീഴിലുള്ള ബാബേലിലെ കൽദായ പാത്രിയർക്കീസിന്റെ അനുവാദത്തോടുകൂടി ക്രിസ്തുവർഷം 345ൽ കാനാ തോമ്മാ എന്ന കച്ചവടപ്രമാണി, മെത്രാൻ, വൈദികൻ, ശെമ്മാശ്ശൻ, എന്നീ സ്ഥാനികളോടും, 472 കുടുംബക്കാരോടും കൂടി കൊടുങ്ങല്ലൂർപട്ടണത്തിൽവന്നു താമസമായി.

www.malankaralibrary.com


അവരുടെ ആരാധനക്രമം കൽദായ സുറിയാനിയിലായിരുന്നു. ബാബേലിലെ മേലധികാരികളുടെ കല്പനയനുസരിച്ച് ആ റീത്തു് അവർ കേരളത്തിൽ നടപ്പിലാക്കി. അന്നുമുതൽ കേരളകത്തോലിക്കർ കൽദായ റീത്തു് സ്വീകരിച്ച് ബാബേലിലെ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലായി. കാനായിൽനിന്നുവന്ന മേല്പട്ടക്കാരുടെ കൈവയ്പ് സ്വീകരിച്ച മേൽപട്ടക്കാർ കേരളകത്തോലിക്കരെ തുടർച്ചയായി ഭരിച്ചുവന്നു. ചിലപ്പോൾ ബാബേലിൽനിന്നു മെത്രാന്മാരും കേരളത്തിൽവന്നു് കേരളസഭയെ പരിപാലിച്ചിരുന്നു. കൊടുങ്ങല്ലൂർ ഒരു അതിരൂപതയാക്കി നാട്ടുമെത്രാന്മാർ കേരളംമുഴുക്കെ ഭരണം നടത്തി. കൊടുങ്ങല്ലൂർ, ഉദയംപേരൂർ, കടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ വലിയ ദേവാലയങ്ങൾ ഉണ്ടായി ചേരമാൻ പെരുമാളിൽനിന്നു കിട്ടിയപദവികളും മററും പാലിച്ച് ക്രിസ്ത്യാനികൾ ഉന്നതനിലയിലെത്തി. കാലക്രമത്തിൽ വില്ലാർവട്ടം എന്ന ഒരു രാജ്യവും അവർക്കുണ്ടായി.

## കൊല്ലത്തു് കൽദായ റീത്തു് പ്രചരിക്കുന്നു.

കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി ഭരിച്ചിരുന്ന കൽദായസുറിയാനി മെത്രാന്മാരാണു് കൊല്ലത്തെ കത്തോലിക്കരെയും ഭരിച്ചിരുന്നതു്. അക്കാലത്തു് കൊല്ലത്തിനു തെക്കോട്ട് ക്രിസ്ത്യാനികൾ വളരെ കുറവായിരുന്നു. അങ്ങനെയിരിക്കെ എട്ടാംനൂററാണ്ടിൽ സബറീശോ എന്ന ഒരു വമ്പിച്ച കച്ചവടപ്രമാണിയുടെകൂടെ സുറിയാനിക്കാരായ മാർസാബോർ, മാർഅപ്രോത്തു് എന്ന മെത്രാന്മാരും; വൈദികർ, ശെമ്മാശ്ശന്മാർ എന്നിവരടങ്ങുന്ന

www.malankaralibrary.com


ഒരുസംഘം ജനങ്ങളും കൊല്ലത്തുവന്നു താമസ്സമായി. അവരും ബാബേലിലെ കൽദായ പാത്രിയർക്കീസിന്റെ അനുവാദത്തോടു കൂടിയാണ് വന്നതു് കൊല്ലത്തെ വിശ്വാസികൾ അവരെ സ്വീകരിച്ചു ഇവർ ഉദയം പേരൂർ ഭരിച്ചതായും പറയുന്നു. ആ മെത്രാച്ചന്മാരുടെ ഭരണത്തിൽ കൊല്ലത്തും ചുററുപാടുമുള്ള കത്തോലിക്കർ വളരെ അഭിവൃദ്ധിപ്പെട്ടു. കൊല്ലത്തെ ഹിന്ദുരാജാവു് അവർക്കു് ചില പദവികളെല്ലാം കല്പിച്ചുകൊടുത്തു. കൊല്ലത്തിനു തെക്കു് (ഇപ്പോഴത്തെ തമിഴ്നാട്ടിൽ) തിരുവാങ്കോട്ട് എന്ന സ്ഥലത്തും മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചതായി പാരമ്പര്യം പറയുന്ന ഒരു പള്ളി ഉണ്ടായിരുന്നു അവരേയും കൊല്ലത്തെ മെത്രാച്ചന്മാരാണ് ഭരിച്ചിരുന്നതു്. കാലക്രമത്തിൽ ഇതരമതക്കാരുടെ ഉപദ്രവംനിമിത്തം ആ ഇടവകയിലെ ജനങ്ങൾ ഭൂരിപക്ഷവും മററു സ്ഥലങ്ങളിലേക്കു് പോയി. 13-ാം നൂററാണ്ടു വരെയും കൊല്ലത്തെസഭ സുറിയാനി മെത്രാന്മാരുടെ ഭരണത്തിലായിരുന്നു.

## കൊല്ലത്തു് ലത്തീൻറീത്തു് സ്ഥാപിക്കുന്നു.

കൊല്ലം തുറമുഖത്തിന്റെ കച്ചവടപ്രാധാന്യം കുറഞ്ഞു അപ്പോൾ അവിടുത്തെ ക്രിസ്ത്യാനികൾ പല സ്ഥലത്തോട്ടും കുടിയേറിപ്പാർത്തു ശേഷിച്ചവർ മററു ജോലികളിൽ ഏർപ്പെട്ടു. കൊല്ലത്തുനിന്നും യൂറോപ്പിൽ പോയിരുന്ന കച്ചവടക്കാർമുഖേന കൊല്ലത്തെ സഭയുടെ ദയനീയസ്ഥിതി അന്നത്തെ മാർപാപ്പാമനസ്സിലാക്കി

www.malankaralibrary.com



അദ്ദേഹം തന്റെ പ്രതിനിധിയായി കാറലാനി എന്ന മെത്രാച്ചനെ 1329-ൽ കൊല്ലത്തേക്കയെച്ചു. അദ്ദേഹമാണ് കൊല്ലത്ത് ലത്തീൻറീത്ത് നടപ്പിലാക്കിയത് എന്നാണ് പാരമ്പര്യംപറയുന്നത്. അന്നുമുതൽ കൊല്ലത്തെ വിശ്വാസികൾ ലത്തീൻറീത്ത സ്വീകരിക്കുകയും ഗോവാ അതിരൂപതയിലായ അവർ കാലക്രമത്തിൽ വരാപ്പുഴആർച്ചുബിഷപ്പിന്റെ ഭരണത്തിലാകുകയുംചെയ്തു കൊല്ലത്തെ സുറിയാനികത്തോലിക്കരെ പോർട്ടുഗീസുകാരല്ല ലത്തീൻറീത്തിലാക്കിയത്. അവരുടെ ഭരണം മാർപ്പാപ്പാ നേരിട്ട് ഏറ്റെടുത്തതുകൊണ്ടാണ് അവർ ലത്തീൻറീത്തുകാരായത്. പോർട്ടുഗീസുകാർ പിന്നീട് ഇരുന്നൂറു കൊല്ലംകൂടി കഴിഞ്ഞാണ് കേരളത്തിൽ വരുന്നത്.

## തെക്കുംഭാഗരും വടക്കുംഭാഗരും.

കാനാ തോമ്മായുടെ കൂടെ സിറിയായിൽനിന്നു വന്ന് കൊടുങ്ങല്ലൂർ താമസിച്ചവരുടെ പിൻഗാമികളെ തെക്കുംഭാഗർഎന്നും മാർതോമ്മാശ്ലീഹായിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച കേരളക്കാരുടെ പിൻഗാമികളെ വടക്കുംഭാഗർഎന്നും വിളിക്കുന്നു. രണ്ടുകൂട്ടരുടെയും മതവിശ്വാസംഒന്നുതന്നെ സിറിയായിൽനിന്നു കൊണ്ടുവന്ന ചില പ്രത്യേക ആചാരങ്ങൾ തെക്കുംഭാഗർ പാലിക്കുന്നുവെന്നേയുള്ളു. തെക്കുംഭാഗരുംവടക്കുംഭാഗരുംതമ്മിൽ വിവാഹം നടത്തുകയില്ല കൂനൻകുരിശുസത്യത്തിനു ശേഷം പഴയകൂറ്റിലും പുത്തൻകൂറ്റിലുംതെക്കുംഭാഗരുണ്ട്

www.malankaralibrary.com



തെക്കുംഭാഗരുടെ സഹായത്തിലാണ് നാട്ടുക്രിസ്ത്യാനികൾ ഉയർന്നതു്. അവരുടെ മെത്രാച്ചന്മാരാണ് കേരള കത്തോലിക്കരെ ഭരിച്ചിരുന്നതു്. അന്നത്തെ ക്രിസ്ത്യാനികളുടെ പ്രധാനജോലി കച്ചവടമായിരുന്നു. ഒമ്പതാം നൂററാണ്ടുവരെയും സുറിയാനി കത്തോലിക്കർ കൊടുങ്ങല്ലൂരും സമീപപ്രദേശത്തുമാണ് താമസിച്ചിരുന്നതു്. കാലക്രമത്തിൽ കൊടുങ്ങല്ലൂർ തുറമുഖത്തിൻെറ പ്രാധാന്യം കുറഞ്ഞപ്പോൾ അവർ പലസ്ഥലത്തേക്കും കുടിയേറിപ്പാർത്തു.

## കൽദായറീത്തും മലബാർറീത്തും.

ബാബേലിലെ കൽദായ പാത്രിയർക്കീസിന്റെ റീത്തിന്റെ പേരാണ് കൽദായറീത്തു് എന്നുള്ളതു്. എന്നാൽ ബാബേലിലെ കൽദായറീത്തിലേയും കേരളത്തിലെ കൽദായറീത്തിലേയും ആചാരങ്ങൾ തമ്മിൽ അല്പവ്യത്യാസമുണ്ടു്. അതുകൊണ്ട് കേരളത്തിലെ കൽദായറീത്തിനെ മലബാർ റീത്തു് എന്നാണ് പറയുന്നതു്. ബാബേൽ പാത്രിയർക്കീസിനു് കേരളത്തിലെ സഭയിൻമേൽ ഉണ്ടായിരുന്ന ഭരണാധികാരം റോമിൽനിന്നു് വേർപെടുത്തിയതിൻെറ ശേഷമാണ് മലബാർ റീത്തു് എന്നു പേരായതു്.

www.malankaralibrary.com



## കേരള കത്തോലിക്കരും റോമാസിംഹാസനവും.

കേരള കത്തോലിക്കർ ആദിമകാലം മുതൽതന്നെ മാർപാപ്പായ്ക്കു കീഴ്പ്പെട്ടിരുന്നവരാണ്. എന്നാൽ കേരളത്തിന്റെ ഭൂമിശാസ്ത്രം, ഭാഷ, ഇതൊന്നും റോമിൽ അറിയാൻ പാടില്ലായിരുന്നു. അമേരിക്ക കണ്ടുപിടിച്ചിട്ടില്ലായിരുന്നകാലത്തും സൂയസ്സ്തോട് വെട്ടിയിട്ടില്ലാതിരുന്ന അവസരത്തിലും കേരളകത്തോലിക്കർ വളരെ കഷ്ടപ്പാടുകൾ സഹിച്ചാണ് പാക്കപ്പലിലും മററും റോമിൽ പോയിരുന്നതു്. ചുരുക്കമായി അങ്ങനെ ചെല്ലുന്നവരിൽനിന്നു് റോമിലെ മേലധികാരികൾ കേരളത്തിലെ വിവരമറിഞ്ഞിരുന്നു. കേരളത്തിൽ നിന്നു് ആദ്യമായി ഒരു വൈദീകവിദ്യാർത്ഥി റോമിൽ പഠിയ്ക്കുവാൻപോയതു് 1755 ൽ കരിയാററിൽ ബ: ജോസഫ് ശെമ്മാശ്ശനായിരുന്നു. പിന്നീടുചെന്ന വൈദീകവിദ്യാർത്ഥികൾ മുതലായവരിൽനിന്നു് കേരളസഭയേപ്പററി കൂടുതൽ റോമിൽ അറിയുവാനിടയായിട്ടുണ്ടു്.

## പോർട്ടുഗീസുകാരുടെ വരവിനുമുമ്പുള്ള കേരള കത്തോലിക്കരുടെ സ്ഥിതിവിവരം.

പോർട്ടുഗീസുകാർ വരുന്നതിനുമുമ്പ് കേരളത്തിൽ അച്ചടി ഇല്ലായിരുന്നു. വൈദീകർ മല്പാന്മാരിൽനിന്നു് (ഗുരുക്കന്മാർ) വാക്കുമൂലംപഠിച്ചു് ആരാധന നടത്തുകയാ

www.malankaralibrary.com



യിരുന്നുപതിവു്. കയ്യെഴുത്തു ഗ്രന്ഥങ്ങൾ ഓലയിലായിരുന്നു. വൈദീക വിദ്യാഭ്യാസം മല്പാന്മാരിൽനിന്നു് കിട്ടുന്നതേ ഉണ്ടായിരുന്നുള്ളു. ആരാധനഭാഷ കൽദായസുറിയാനി ആയിരുന്നു. വൈദീകർ വിവാഹജീവിതക്കാരായിരുന്നു. വൈദീകർ ഇന്നത്തെപ്പോലെ ളോഹ (കുപ്പായം) ധരിച്ചിരുന്നില്ല. ഇറക്കമുള്ള ഒരു കുപ്പായം (കമ്മീസു്) ആരാധനയ്ക്കു് മാത്രം ഉപയോഗിച്ചിരുന്നു. വൈദീകർ തലമുടിയും മീശയും (ദീക്ഷ) വളർത്തിയിരുന്നു. സുറിയാനി കലണ്ടറും [ജൂലിയൻ പഞ്ചാംഗം] മലയാള പഞ്ചാംഗവുമാണു് നിലവിലുണ്ടായിരുന്നതു്. മെത്രാൻ വൈദികൻ, ശെമ്മാശ്ശൻ എന്നീ സ്ഥാനികൾ ഉണ്ടായിരുന്നു. സഭയുടെ ഭരണം നടത്തിയിരുന്നതു് "അർക്കദിയാക്കോൻ" എന്ന സ്ഥാനിയായിരുന്നു. ഈ സ്ഥാനം ഒന്നാം നൂറ്റാണ്ടുമുതൽ കേരളസഭയിൽ ഉണ്ടായിരുന്നോ എന്നുസംശയമാണു്. ബാബേൽപാത്രിയർക്കീസിന്റെ ഭരണം ഇവിടെ നടപ്പായപ്പോൾ മുതൽ ആയിരിക്കും ഇങ്ങനെ ഒരു സ്ഥാനി ഉണ്ടായതു് അദ്ദേഹം സന്യാസിയായിരുന്നു. അവരിൽ ചിലർക്കു് വൈദീക സ്ഥാനം ഉണ്ടായിരുന്നുവെന്നുപറയുന്നവരുണ്ടു്. എന്നാൽമെത്രാൻ പട്ടമില്ലായിരുന്നു. ഇൻഡ്യമുഴുവനിലുമുള്ള കത്തോലിക്കരുടെ ഭരണാധികാരിയായിരുന്നു അദ്ദേഹം "ജാതിക്കു് [വിശ്വാസികൾക്കു്] തലവൻ" "മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രാജാവു്" എന്നിങ്ങനെ സംബോധനചെയ്തു് രാജകീയമായനിലയിൽ ഹിന്ദുരാജാക്കന്മാർ പോലും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

www.malankaralibrary.com



## മെനേസിസ് തിരുമേനി.

35 [മുപ്പത്തിയഞ്ച്] വയസ്സുണ്ടായിരുന്ന ഇദ്ദേഹം ഗോവാ മെത്രാപ്പോലീത്താ ആയി 1594-ൽ പട്ടമേററു. അദ്ദേഹം അസാമാന്യകഴിവുള്ള ആളായിരുന്നു. കൽദായ സുറിയാനിയും മലയാളവും അറിയാൻ പാടില്ലായിരുന്നു. ഇംഗ്ലീഷ് അറിയാമായിരുന്നോ എന്നു സംശയമാണ്. പോർട്ടുഗൽ, ലത്തീൻ എന്നീ ഭാഷകൾ വശമായിരുന്നു. ദ്വിഭാഷി മുഖേനയാണ് സംസാരിച്ചിരുന്നതു്. പോർട്ടുഗൽ ഗവണ്മെൻറിൽ നല്ല സ്വാധീനമുണ്ടായിരുന്നതുകൊണ്ടു് സാമ്പത്തികമായും നല്ല സൗകര്യം ഉണ്ടായിരുന്നു. കേരളസഭയെ നന്നാക്കാനാണ് ക്ലമൻറ് എട്ടാമൻ മാർപാപ്പ ഇദ്ദേഹത്തെ അയച്ചതു്. വമ്പിച്ച ജനസംഖ്യയും ധനശക്തിയുമുള്ള ഗോവായിലെ ജനങ്ങളെ ഭരിക്കുന്ന ആളിനു് കേവലം അരലക്ഷംപോലുമില്ലാത്ത കേരളത്തിലെ ജനങ്ങളെ പുച്ഛമായിരുന്നിരിയ്ക്കും. അവരുടെ രീതികളൊന്നും അദ്ദേഹത്തിനു് ഇഷ്ടപ്പെട്ടിട്ടില്ല. കത്തോലിക്കാസഭ ലത്തീൻറീത്തുമാത്രമാണെന്നു് അദ്ദേഹം ധരിച്ചിരിക്കണം. മററു റീത്തുകളെപ്പററി അദ്ദേഹത്തിനറിയാമായിരുന്നോ എന്നുതന്നെ സംശയിക്കേണ്ടിയിരിയ്ക്കുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധി എന്തായിരുന്നുവെന്നു് ദൈവത്തിനുമാത്രമേ അറിയാൻ കഴിയൂ. കൽദായറീത്തും, ആചാരങ്ങളുംമാററി ലത്തീൻറീത്തും, ഭരണവും ആക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതിനായി സർവ്വവിധമാർഗ്ഗങ്ങളും ചെയ്തു. ഇവിടെയുള്ള നാട്ടുമെത്രാന്മാരെയും ബാബേലിൽനിന്നു വരുന്ന മെത്രാന്മാരെയും തടസ്സപ്പെടുത്തുക; അവരുടെ അധികാരം

www.malankaralibrary.com



ഇല്ലാതെയാക്കി, അർക്കദിയാക്കോനെ തരംതാഴ്ത്തി, ലത്തീൻ മെത്രാന്മാരെ ഭരണമേല്പിക്കുക മുതലായ കാര്യങ്ങളെല്ലാം അദ്ദേഹം ചെയ്യുവാൻ തുടങ്ങി.

സഭയെ പരിഷ്ക്കരിക്കാനായി അദ്ദേഹം ചെയ്ത നിർദ്ദേശങ്ങൾ.

1. മേലാൽ വൈദീകർ സിമ്മനാരിയിൽ പഠിക്കണം.
2. വൈദീകർ വിവാഹംകഴിക്കുവാൻ പാടില്ല.
3. അവർ കുടുക്ക് (ബട്ടൺ) ഉള്ള ളോഹ ധരിക്കണം.
4. അവരുടെ ദീക്ഷ[തലമുടിയും മീശയും]ഉപേക്ഷിച്ച് തലയിൽ പട്ടം വടിക്കണം.
5, ആരാധനയ്ക്കു ലത്തീൻഭാഷ ഉപയോഗിക്കണം
6. ഗ്രീഗോറിയൻ കലണ്ടർ [പഞ്ചാംഗം] സ്വീകരിക്കണം
7. സുറിയാനിഗ്രന്ഥങ്ങൾ മുഴുവൻ നശിപ്പിക്കണം

ഈ നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുവാൻ റോമിലെഅനുവാദമില്ലാതെഉദയമ്പേരൂർ സുന്നഹദോസു മുതലായഅനേകംകാര്യങ്ങൾ അദ്ദേഹംനടത്തി. അദ്ദേഹവും സഹപ്രവർത്തകരുംകൂടി കേരളസഭയ്ക്കു് ചെയ്തിട്ടുള്ള ഉപദ്രവങ്ങൾ ദൈവംക്ഷമിക്കട്ടെയെന്നു് പഴയകൂറ്റുകാരായ കത്തോലിക്കർ പ്രാർത്ഥിക്കുന്നുണ്ട് കഷ്ടിച്ചു് ഒരുവർഷംമാത്രമേ അദ്ദേഹം കേരളത്തിൽ ചെലവാക്കിയിട്ടുള്ളൂ. അദ്ദേഹം ഉദ്ദേശിച്ചകാര്യങ്ങൾ സാധിച്ചതായി സമാധാനപ്പെട്ടുകൊണ്ടു് ഗോവായിലേക്ക് തിരികെപോയി.

www.malankaralibrary.com



# കൂനൻകുരിശുസത്യവും അനന്തരഫലങ്ങളും.

ലത്തീൻറീത്തുകാരായ പോർട്ടുഗീസുകാരുടെനയങ്ങളും ലത്തീനീകരണവും സഹിക്കാൻ വയ്യാതായപ്പോൾ കേരളകത്തോലിക്കർ അവരോടു് പ്രതിഷേധിച്ചു് 1653 ജനുവരി 3-ാംതീയതി കൊച്ചിയിൽ മട്ടാഞ്ചേരിക്കു സമീപമുള്ള കൂനൻകുരിശിൽകയർകെട്ടി കയറിൽപിടിച്ചുകൊണ്ടു് ലത്തീൻറീത്തുകാരുമായുള്ള സകലബന്ധവും വിട്ടിരിക്കുന്നതായി സത്യംചെയ്തു. അങ്ങനെപിരിഞ്ഞവരെയാണു് പുത്തൻകൂറുകാർ എന്നുവിളിച്ചതു്. പിരിഞ്ഞവർ പഴയകൂറുകാരുടെ സഹോദരങ്ങൾ തന്നെ ആയിരുന്നു. എന്നാൽ അവർ മാർപാപ്പായുടെഅനുവാദമില്ലാതെ യാതൊരു പട്ടത്വവുമില്ലാതിരുന്ന തോമ്മാ അർക്കദിയാക്കോനെ പന്ത്രണ്ടു് പട്ടക്കാർകൂടി ഒരു മെത്രാനായി വേഷംകെട്ടിച്ചു് ഒരു പുതിയ സഭസ്ഥാപിക്കാൻ തുടങ്ങിയപ്പോൾ "എലിയെതോല്പിച്ചു് ഇല്ലംചുടുകയല്ല വേണ്ടതു് "എന്നുപറഞ്ഞു് അവർ ഭൂരിപക്ഷവുംപഴയ കത്തോലിക്കാ സഭയിലേക്കു് തിരിച്ചു പോന്നു. നാട്ടുമെത്രാന്മാരാണു് കേരളസഭയെ ഭരിച്ചിരുന്നതെന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ? ആ ആഗ്രഹം ജനങ്ങൾക്കു് തുടർന്നും ഉണ്ടായിക്കൊണ്ടിരുന്നു. നാട്ടുമെത്രാന്മാരെ കിട്ടാനായി അവർപലവഴികളുംചെയ്തുനോക്കി പോർട്ടുഗീസുകാരായ ഈശോസഭക്കാർ പോയപ്പോൾപകരം കർമ്മലീത്താ സന്യാസികൾ വരാപ്പുഴആസ്ഥാനമാക്കികേരളസഭയുടെ ഭരണമേററു ലത്തീൻകാർ ചാണ്ടിമെത്രാനെ നാട്ടുമെത്രാനായിതന്നു. അതിലും കേരളീയർ തൃപ്തിപ്പെട്ടില്ല

www.malankaralibrary.com


കുറേക്കാലത്തേക്ക് അവരുടെ ആഗ്രഹം സാധിച്ചില്ല. ബാബേലിലെ കത്തോലിക്കാപാത്രിയക്കീസ് കേരളത്തിലേക്ക് അയച്ചിരുന്ന മെത്രാന്മാരെ നിരോധിച്ചത് പോർട്ടുഗീസുകാരായിരുന്നല്ലോ. വീണ്ടും കേരളസഭയിൽ അധികാരം കിട്ടിയാൽ കൊള്ളാമെന്ന് ബാബേൽ പാത്രിയക്കീസ് ആഗ്രഹിച്ചിരുന്ന കാലത്താണ് കേരള കത്തോലിക്കർ അദ്ദേഹത്തെച്ചെന്നുകണ്ട് മെത്രാന്മാരെ ആവശ്യപ്പെട്ടത്. അവിടെനിന്നുംവന്ന റോക്കോസ്, മേലൂസ് എന്നീ മെത്രാന്മാർ മാർപാപ്പാമാരുടെ അനുവാദമില്ലാതെ അധികാരം പ്രയോഗിക്കാൻ തുടങ്ങിയപ്പോൾ അവരേയും കേരളകത്തോലിക്കർ നിരസിക്കുകയാണുണ്ടായത്.

## പഴയകൂറുകാരും പുത്തൻകൂറുകാരും കൂടി യോജിക്കാൻചെയ്ത സംഘടിതശ്രമങ്ങൾ.

പുത്തൻക്രൂറുകാർ ചെയ്തത് തെററാണെന്ന് അവർക്ക് നല്ലതുപോലെ അറിയാമായിരുന്നു. അതിനാൽ വീണ്ടും രണ്ടുക്രൂട്ടരുംക്രൂടി യോജിക്കുവാൻ അവർ സംഘടിച്ചുശ്രമിച്ചു പുത്തൻക്രൂറുകാരുടെ ആത്മീയ നേതാവിൻെറ സ്ഥാനപ്പേരു് മാർത്തോമ്മാ എന്നായിരുന്നു. ഒന്നാം മാർത്തോമ്മാമുതൽ 6-ാം മാർത്തോമ്മാവരെയുള്ളവരുടെ കാലത്ത് വ്യക്തികളായും സമൂഹങ്ങളായും പുനരൈക്യത്തിനു് ശ്രമിച്ചു. പക്ഷെ! സാധിച്ചില്ല. 6-ാംമാർത്തോമ്മാ ആലപ്പുഴ പള്ളിയിൽവച്ച് കത്തോലിക്കാസഭയിലേക്ക് ചേൻ്റവെങ്കിലും, വരാപ്പുഴ അധികാ

www.malankaralibrary.com


രികൾ ഭരണം കൊടുക്കാൻ സമ്മതിക്കാഞ്ഞതുകൊണ്ടു് അദ്ദേഹം തിരികെ പോയി. കുറേനാൾകഴിഞ്ഞ് കരിയാറ്റിൽ ജോസഫ് മെത്രാപ്പോലീത്തായുടെ ശ്രമവും ഫലിച്ചില്ല. ഇന്നേക്കു് 100 വർഷത്തിനുമുമ്പു് യാക്കോബായസഭാദ്ധ്യക്ഷനായിരുന്ന പുലിക്കോട്ടിൽ മെത്രാച്ചൻ മാർത്തോമ്മാക്കാരുമായി കേസിലായി. കേസിൽ തോററാൽ സഭ വിടേണ്ടിവരുമല്ലോ, അങ്ങനെയെങ്കിൽ കത്തോലിക്കരോടു യോജിക്കണമെന്നുള്ള ഉദ്ദേശത്തിൽ പഴയകൂററിലെ ഒരു പ്രധാനപട്ടക്കാരനായിരുന്ന നിധിയിരിക്കൽ മാണിയച്ചനേയും മററുംകൂട്ടി "സുറിയാനി ജാത്യൈകസംഘം" എന്നപേരിൽ ഒരു സംഘടനയുണ്ടാക്കി. ഒരു കത്തോലിക്കനായ ആലപ്പുഴ ഡാററാസായിപ്പിനോടു് കുറഞ്ഞവിലയ്ക്കു് സ്ഥലവുംവാങ്ങി കോട്ടയത്തു് ഒരുകെട്ടിടംവച്ചു് രണ്ടുകൂട്ടരുംകൂടി ഒരു പ്രസ്സും നസ്രാണിദീപികപത്രവും തുടങ്ങി. ആ കെട്ടിടത്തിൽഅവിവാഹിതരായ കത്തോലിക്കാ പട്ടക്കാർ താമസിച്ചാണു് പത്രപ്രവർത്തനവും മററുംനടത്തിയതു്. മാർത്തോമ്മാക്കാരുമായുള്ള കേസ്ജയിച്ചേക്കുമെന്നുകണ്ടപ്പോൾ പുലിക്കോട്ടുമെത്രാച്ചൻ പിൻവലിയാൻ തുടങ്ങി. കത്തോലിക്കരുടെപണംകൂടി മുടക്കിയ കെട്ടിടവും പ്രസ്സും സൂത്രത്തിൽ കൈവശപ്പെടുത്താൻ തീരുമാനിച്ചു. അദ്ദേഹംവിവാഹിതരായ യാക്കോബായ പട്ടക്കാരെഅവരുടെ ഭാര്യമാരോടുകൂടി മുമ്പുപറഞ്ഞ കെട്ടിടത്തിൽ താമസമാക്കി. അന്നു് ചങ്ങനാശ്ശേരിരൂപത ഭരിച്ചിരുന്നതു് പുണ്യവാനായ ലവീഞ്ഞു മെത്രാച്ചനായിരുന്നു. അദ്ദേഹം അതുകേട്ടപ്പോൾ കത്തോലിക്കാവൈദികർ അവിടെതാമസിച്ചാൽ

www.malankaralibrary.com



മഹാപാപത്തിൽ വീഴുവാൻ ഇടയുള്ളതിനാൽ സമസ്തവും ഉപേക്ഷിച്ച് അവരെല്ലാം ചങ്ങനാശ്ശേരി അരമനയിലേക്ക് പോരുവാൻ കല്പിച്ചു അവർ അങ്ങനെ ചെയ്തു പുത്തൻകൂറുകാർ പ്രസ്സും കെട്ടിടവും കൈവശപ്പെടുത്തി പഴയ കൂറുകാർ എല്ലാം ഉപേക്ഷിച്ച് മാന്നാനത്തു പോയി നസ്രാണി ദീപിക പത്രം അവിടെനിന്നു തുടങ്ങി അതാണ് പിന്നീട് "ദീപിക" ആയതു്. അതോടുകൂടി പുനരൈക്യ ആലോചനയും അവസാനിച്ചു. പിന്നീട് സംഘടിച്ചുള്ള പുനരൈക്യത്തിന് വഴിയുണ്ടായതു് മാർ ഈവാനിയോസ് തിരുമേനി 1930ൽ പുനരൈക്യപ്പെട്ടതോടെയാണ്.

## പുത്തൻകൂറുകാരോട് പഴയകൂറുകാർക്കുണ്ടായിരുന്ന സാമീപ്യം.

കൂനൻ കുരിശു സത്യത്തിനുശേഷം കർമ്മലീത്താ ഭരണ കർത്താക്കളുടെ കാലത്തു് വരാപ്പുഴ അതിരൂപതയുടെ തെക്കേ അതിർത്തി പമ്പാനദിയുടെ തെക്കും ഉണ്ടായിരുന്നു അവിടെ കടൽത്തീരങ്ങളിലുള്ള തങ്കശ്ശേരി മുതലായ പള്ളികളിൽ സുറിയാനി കർമ്മലീത്താ പട്ടക്കാരേയും വരാപ്പുഴനിന്ന് നിയമിക്കുമായിരുന്നു. ആ സ്ഥലത്തു് പുത്തൻകൂറുകാർ ഒട്ടുമുണ്ടായിരുന്നില്ല. ലത്തീൻകാരിൽ തന്നെ എഴുന്നൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ, മുന്നൂറ്റിക്കാർ എന്നിങ്ങനെ ചില വിഭാഗങ്ങളുണ്ടായിരുന്നു. അവരെ യോജിപ്പിച്ച് പള്ളിഭരിക്കുവാൻ മാത്രമേ അവിടെ ചെല്ലുന്ന കർമ്മലീത്താ പട്ടക്കാർ ശ്രമിച്ചിരുന്നുള്ളു.

www.malankaralibrary.com



പിന്നീട് കാലക്രമത്തിൽ കൊല്ലം രൂപതയുടെ അതിർത്തി വടക്ക് പമ്പാനദിവരെയായി കൊല്ലം രൂപതാതിർത്തിയിൽ താമസിക്കുന്ന പുത്തൻകൂറ്റുകാരുടെ ഇടയിൽ ചെന്ന് സുവിശേഷവേല ചെയ്യുവാൻ നിയമാനുസരണം വരാപ്പുഴ അധികൃതക്ക് അധികാരമില്ലായിരുന്നു. ആരെയെങ്കിലും ചേർക്കണമെങ്കിൽ സുറിയാനിക്കാരായതു കൊണ്ട് ചങ്ങനാശ്ശേരി രൂപതയ്ക്കുവേണ്ടി കൊല്ലം രൂപതാധികൃതരുടെ അനുവാദം വേണ്ടിയിരുന്നു. എങ്കിലും വേർപെട്ടുപോയ സഹോദരങ്ങളെ കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരുവാൻ എറണാകുളം, കോട്ടയം, ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷന്മാർ ചെയ്തിട്ടുള്ള സഹായങ്ങൾ ഒരിക്കലും മറക്കാവുന്നതല്ല. പന്തളത്തിനു സമീപമുള്ള തുമ്പമൺ വലിയപള്ളി പുത്തൻകൂറുകാരുടെ ഒരു പ്രധാന ഇടവകയാണ്. അതിൽപ്പെട്ട ചിലർക്ക് കത്തോലിക്കാസഭയോട് താല്പര്യം തോന്നി അവരെ മതകാര്യങ്ങൾ പഠിപ്പിക്കുവാൻ ചങ്ങനാശ്ശേരി തിരുമേനിയുടെ കല്പനയോടുകൂടി കുറെ ബ: കർമ്മലീത്താ വൈദീകർ അവിടെ ചെന്ന് ഒരു കെട്ടിടം വാടകയ്ക്ക് എടുത്ത് മിഷ്യൻ പ്രവർത്തനം തുടങ്ങി. അവരുടെ പ്രയത്ന ഫലമായിട്ടാണ് യാക്കോബായ സഭയിലെ പ്രബല വൈദീകരായിരുന്ന പമ്പുരേത്ത് ചാണ്ടപ്പിള്ള അദ്ദേഹത്തിന്റെ മകൻ അലക്സാണ്ടർ എന്നീ ബ: വൈദീകർ പുനരൈക്യപ്പെട്ടത്. ആ പള്ളിയിലെ പ്രധാന കുടുംബങ്ങളിൽ ഒന്നായ അയ്യനേത്തു കുടുംബത്തിലെ ശ്രീ പീലിപ്പോസ് ചാക്കോ, കർമ്മലീത്താ വൈദീകരുടെ ഉപദേശത്തിലാണ് പുനരൈക്യപ്പെട്ടത്.

www.malankaralibrary.com



നല്ല മിഷ്യനറിയായിരുന്ന ഫിലിപ്പോസ് വാദ്ധ്യാരുടെ മകൻ റവ. ഫാ: ഡാനിയേൽ അയ്യനേത്ത് എം. എ. എൽ. പി. എച്ച് എൽ ഡി. അവർകൾ തിരുവനന്തപുരം അതിരൂപതയിലെ പ്രശസ്ത വൈദികനായി.

പന്തളത്തുവന്ന് മിഷ്യൻവേലചെയ്ത കർമ്മലീത്താ പട്ടക്കാരുടെഉപദേശത്തിൽ പുനരൈക്യപ്പെട്ട 2 വ്യക്തികളെപ്പററി പ്രത്യേകം പറയേണ്ടതുണ്ട്. കേരളത്തിൽ നവീകരണ സഭയ്ക്കു് ( പിന്നീട് മാർത്തോമ്മാസഭ ) അടിസ്ഥാനമിട്ട പാലക്കുന്നത്ത് അബ്രാഹം മല്പാൻ അച്ചൻ ഈ എഴുത്തുകാരൻെറ മാതാവിൻെറ പിതൃസഹോദരി തുമ്പമൺ തൊണ്ടംവേലിൽ ഏലിയാമ്മയെ ആണ് വിവാഹം കഴിച്ചിരുന്നത്. അദ്ദേഹത്തിന്റെ മക്കളിൽരണ്ടുപേരും മാർത്തോമ്മാസഭയിൽ മെത്രാച്ചന്മാരായി. അവരുടെ ഒരു സഹോദരിയെ തുമ്പമൺ ചക്കാലമണ്ണിലാണ് വിവാഹം കഴിപ്പിച്ചതു്. ആ ബന്ധം നിമിത്തം ചക്കാലമണ്ണിൽ കുടുംബാംഗങ്ങൾ ഭൂരിപക്ഷവും മാർത്തോമ്മാസഭയിൽ ചേർന്നു. ആ കുടുംബത്തിലെ പ്രബലവ്യക്തിയായിരുന്നു ശ്രീ കോരുത്. അദ്ദേഹം മുമ്പുപറഞ്ഞ കർമ്മലീത്താ വൈദികരുടെ ഉപദേശത്തിൽ മാനസാന്തരപ്പെട്ട് കത്തോലിക്കാസഭയിൽ ചേർന്നു. ഉറച്ച കത്തോലിക്കാ വിശ്വാസിയായിതീർന്ന അദ്ദേഹം വളരെ ദൂരെയുള്ള കത്തോലിക്കാ പള്ളികളിലാണ് ആരാധനയ്ക്കു് പോയിരുന്നതു്. അദ്ദേഹത്തെ അതിൽ നിന്നു പിന്തിരിക്കാൻ ബന്ധുക്കളും മാർത്തോമ്മാ മെത്രാച്ചന്മാരും വളരെ പരിശ്രമിച്ചു. സാധിച്ചില്ല.

www.malankaralibrary.com



ആത്മരക്ഷയുടെ കാര്യത്തിൽ ഞാൻ ധൈര്യമായി കത്തോലിക്കാസഭയിൽനിന്നു മരിക്കും എന്നുപറഞ്ഞ് അദ്ദേഹം ഭാഗ്യമായി മരിച്ചു. ശ്രീ. കോരുതിന്റെ കൊച്ചുമകനാണ് റവ. ഫാദർ കോശി ചക്കാലമണ്ണിൽ. തിരുവനന്തപുരം അതിരൂപതയിലെ പ്രധാന പുരോഹിതനാണ്.

തുമ്പമൺ പള്ളിക്ക് കിഴക്കുള്ള ഒരു പള്ളിയാണ് കൈപ്പട്ടൂർ. 75 വർഷത്തിനു മുൻമ്പ് യാക്കോബായ സഭയിൽ മെത്രാൻകക്ഷി, ബാവാകക്ഷി എന്നിങ്ങനെ രണ്ടുവിഭാഗമുണ്ടായപ്പോൾ ആ പള്ളിയിലും അങ്ങനെ രണ്ടുകൂട്ടരായി ബാവാകക്ഷിയിലെ പ്രധാനഅംഗമായിരുന്നു പവ്വത്തു് ശ്രീ. കോരുള. അദ്ദേഹം ആ സംഘടനയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി വളരെ പരിശ്രമിച്ചു. പോലീസുകാരെ കാവലിട്ടാണ് ആ പള്ളിയിൽ ആരാധന നടത്തിയിരുന്നത്. യാക്കോബായസഭയുടെ നിയമങ്ങൾ, ചരിത്രംമുതലായവ കോരുളയ്ക്ക് അറിയാമായിരുന്നു. അതിനാൽ ആ സഭയെപ്പററി കൂടുതലായി പഠിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. മേൽപറഞ്ഞ കമ്മലീത്താ വൈദികരേയും, കൊല്ലം രൂപതയിൽപെട്ട പല പട്ടക്കാരേയുംസമീപിച്ച് കൂടുതലായി സഭാചരിത്ര പഠനംനടത്തി. അപ്പോൾ യേശുക്രിസ്തുസ്ഥാപിച്ച സഭ, കത്തോലിക്കാസഭയാണെന്നും, അതിൽ ചേർന്നെങ്കിലേ നിത്യരക്ഷ കിട്ടുകയുള്ളുവെന്നും താൻ മനസ്സിലാക്കി. അന്ന് കോരുള തന്റെ താമസം കോന്നിയിലേക്ക് മാററിയിരുന്നു. അതിനടുത്തെങ്ങും കത്തോലിക്കാപ്പള്ളികൾ

www.malankaralibrary.com



ഇല്ലായിരുന്നു. മലങ്കരറീത്തു പ്രസ്ഥാനം തുടങ്ങിയിട്ടുമില്ല. തന്നേയും കുടുംബാംഗങ്ങളേയും കത്തോലിക്കാസഭയിലേക്കു ചേർക്കണമെന്നു് അദ്ദേഹം കൊല്ലം രൂപതാദ്ധ്യക്ഷനോടു് അപേക്ഷിച്ചു. അദ്ദേഹം, ജോൺമേരി അച്ചനെ അയച്ചു് 1922-ൽ അവരെചേർത്തു. ബ: പട്ടക്കാരെ അയച്ചുകൊടുത്തു് അവരുടെ കർമ്മാദികൾ നടത്തിക്കൊടുത്തു. കോരുളയും കുടുംബാംഗങ്ങളും വളരെ പ്രയാസപ്പെട്ടാണു് പുത്തൻപീടിക, പത്തനാപുരം, പുനലൂർമുതലായ ദൂരസ്ഥലങ്ങളിലുള്ള ലത്തീൻപള്ളികളിൽപോയി ആരാധന കണ്ടിരുന്നതു്. യാക്കോബായ മെത്രാന്മാരും, അവരുടെ ബന്ധുക്കളും അവരെ വളരെ ആക്ഷേപിക്കുകയും, കത്തോലിക്കാ മേലദ്ധ്യക്ഷന്മാർ അവരെ വളരെ അനുഗ്രഹിച്ചു് പ്രോത്സാഹിപ്പിക്കുകയുംചെയ്തു. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടപ്പോൾ കോന്നിയിൽ പള്ളിവച്ചു. ശ്രീ. കോരുളയും കുടുംബാംഗങ്ങളും ആ ഇടവകയിൽചേർന്നു്, ആ ഇടവകയ്ക്കും കത്തോലിക്കാ സഭയ്ക്കുംവേണ്ടി വളരെ ത്യാഗങ്ങൾസഹിച്ചുജീവിക്കുന്നു. കോരുള 1957ലും, മൂത്തമകൻ ശ്രീ. സഖറിയ 1965ലും ഭാഗ്യമരണം പ്രാപിച്ചു സഖറിയായുടെ പ്രഥമപുത്രനും നല്ല മിഷ്യനറിയുമായിരുന്ന ശ്രീ. സാമുവേൽ 1986 ജൂൺ 2-ാംതീയതിയും ചരമമടഞ്ഞു. സാമുവലിന്റെ സഹോദരൻ ശ്രീ. ആന്റണി പവ്വത്തു് ബോംബെയിൽ ഉത്തമ കത്തോലിക്കാ പ്രവർത്തകനായി ജീവിക്കുന്നു. കോരുളയുടെ വേറൊരു മകനായ ശ്രീ. ജോഷ്വായുടെ പുത്രൻ അൽഫോൻസ് ഒ.ഐ.സി. അച്ചൻ ബത്തേരി രൂപതയിൽ പ്രവർത്തിക്കുന്നു. കത്തോലിക്കാസഭയ്ക്കു

www.malankaralibrary.com



വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത കുടുംബാംഗങ്ങളെ ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കാം

മേല്പറഞ്ഞ കർമ്മലീത്താ പട്ടക്കാരുടെ പ്രവർത്തനങ്ങളും കൂടാതെ ചങ്ങനാശ്ശേരി, കോട്ടയം രൂപതാദ്ധ്യക്ഷന്മാർ മററുവിധത്തിലും പുത്തൻകൂററുകാരുടെ പുനരൈക്യത്തിന്ന് വളരെ ശ്രമിച്ചിട്ടുണ്ട്. അതിലേക്ക് മിഷ്യനറിമാരായി അയച്ചവരിൽ ബ: ഡോമിനിക് തോട്ടാശ്ശേരി എം എ എൽ ററി. അച്ചൻ അവർകളെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. കാരണം, അദ്ദേഹം അനുഭവിച്ചിട്ടുള്ള ത്യാഗങ്ങൾ അത്രയ്ക്ക് വലുതാണ്. അന്ന് ഇന്നത്തെപ്പോലെ തിരുവല്ലായ്ക്കു കിഴക്കുള്ള അയിരൂർ മുതലായ സ്ഥലങ്ങളിൽ വാഹനസൗകര്യം ഇല്ലായിരുന്നു. അദ്ദേഹം കാൽനടയായും സൈക്കിളിലുമാണ് മിഷ്യൻവേല ചെയ്തിരുന്നത്. അവിടെയുള്ള അകത്തോലിക്കർ അന്നും മലയാളത്തിലാണ് ആരാധന നടത്തിയിരുന്നത്. മലബാർ റീത്തിൽ അന്ന് മലയാളത്തിൽ ആരാധന അനുവദിച്ചിട്ടില്ലായിരുന്നു അതുകൊണ്ട്, പലരും പുനരൈക്യപ്പെടാൻ മടിച്ചു. എന്നിരുന്നാലും അദ്ദേഹത്തിന്റെ ശ്രമത്തിൽ ധാരാളം പുത്തൻകൂററുകാരെ പഴയകൂററിലേക്ക് ചേർത്തു. അയിരൂർ കർമ്മലീത്താശ്രമം, മാരാമൺ എന്നീ പള്ളികളിലെ ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ ശ്രമത്തിൽ പുനരൈക്യപ്പെട്ടവരാണ്. മാർത്തോമ്മാ സഭയിലെ പ്രബല കുടുംബാംഗമായ ഇഞ്ചെയ്ക്കലോടിൽ ശ്രീ തോമസ്സിനെ പുനരൈക്യപ്പെടുത്തി വൈദികവൃത്തിക്ക് അദ്ദേഹത്തിനെ പ്രോത്സാഹിപ്പിച്ചു. വൈദികനും

www.malankaralibrary.com


ഗ്രന്ഥകാരനും, പ്രസിദ്ധ പ്രാസംഗികനുമായി അദ്ദേഹം തിരുവനന്തപുരം അതിരൂപതയിൽ സേവനം ചെയ്തു ഭാഗ്യമരണം പ്രാപിച്ച് ചെങ്ങന്നൂർപള്ളിയിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു

ബ: തോട്ടാശ്ശേരിലച്ചന്റെ മിഷ്യൻ വേലയുടെ ഫലമായി വേറെയും പല അകത്തോലിക്കരും മാനസാന്തരപ്പെട്ടിട്ടുണ്ട്. യാക്കോബായ സഭാനേതാവായിരുന്ന വട്ടശേരിൽ തിരുമേനിയുടെ സ്വന്തം സഹോദരന്റെ മകൻ ശ്രീ. വി. എ. വറുഗീസ് ബി. എ. എൽ. ററി, ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്വന്തം പിതൃസഹോദരനായ കല്ലുംപ്പുറ മാരാട്ട് ശ്രീ എ. പീലിപ്പോസ് ജഡ്ജി, മല്ലപ്പള്ളിയിലെ ഉയർന്ന കുടുംബങ്ങളായ പയ്യമ്പള്ളി; കയ്യാലാത്ത്, പവ്വോത്തിക്കുന്നേൽ മുതലായവീടുകളിലെ ചില പ്രമുഖവ്യക്തികൾ, ഇവരെല്ലാംപുനരൈക്യപ്പെടുവാൻ പ്രേരണയുണ്ടായത് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷന്മാരുടെ മിഷ്യൻവേലയുടെ ഫലമായിട്ടാണ്.

## പുത്തൻകൂറുകാരെ പുനരൈക്യപ്പെടുത്തുന്നതിന് ലത്തീൻ രൂപതാദ്ധ്യക്ഷന്മാർ ചെയ്ത സഹായങ്ങൾ.

വരാപ്പുഴ ആർച്ചുബിഷപ്പ് തിരുമനസ്സിലെ ഭരണത്തിലുള്ള കോഴിക്കോട്ട്, കൊച്ചി, ആലപ്പുഴ, വിജയപുരം, കൊല്ലം, തിരുവനന്തപുരം, പുനലൂർ എന്നീ രൂപത

www.malankaralibrary.com


കളിലെ അദ്ധ്യക്ഷന്മാർ പുത്തൻകൂറുകാരെ പഴയ സഭയിലേക്ക് ചേർക്കുവാൻ വളരെ സഹായിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെടുന്നതിനു മുമ്പ് കൊല്ലം രൂപതാതിർത്തിയിൽപെട്ട എട്ടു യാക്കോബായ പട്ടക്കാരെ പുണ്യശ്ലോകനായ ബൻസിഗർ തിരുമേനി കൊല്ലം രൂപതയിലേയ്ക്കു ചേർത്തിട്ടുണ്ട്. ആ പുനരൈക്യപ്പെട്ട ബഹു: അച്ചൻമാരായ അഞ്ചൽ സി. കെ. മത്തായി, ഓമല്ലൂർ പീടികയിലച്ചന്മാർ; ചുനക്കര പടിപ്പുരയ്ക്കലച്ചന്മാർ, മാവേലിക്കര വി. റ്റി. തോമസ്, ഇലന്തൂർ പതാലിൽ തോമസ്, മാവേലിക്കര വീട്ടിനാൽ എന്നിവർ വളരെ ത്യാഗങ്ങൾ സഹിച്ചവരാണ്. ബ: സി. കെ. മത്തായി അച്ചന്റെ മകൻ ബ: സി. എം. ജോർജ്ജ് അച്ചൻ ഇപ്പോൾ തിരുവനന്തപുരം അതിരൂപതയിൽ സേവനം ചെയ്യുന്നു. പുനരൈക്യപ്പെട്ട ബ: അച്ചന്മാർ എല്ലാവരും പരേതരായി. പുണ്യവാനായ ബൻസിഗർ തിരുമേനി പുനരൈക്യപ്പെടുന്നവർക്കുവേണ്ടിയും കൊല്ലം രൂപതയിലെ ജനങ്ങൾക്കുവേണ്ടിയും വളരെ കഷ്ടപ്പാടുകൾ സഹിച്ച മെത്രാച്ചനാണ്. ട്രെയിനിൽ മൂന്നാം ക്ലാസ്സിലും, ബസ്സ്, കാളവണ്ടി മുതലായവയിലും, കാൽനടയായും അദ്ദേഹം യാത്രചെയ്തു്, ഏതു് എളിയ ജനങ്ങളുടെയും വീടുകളിൽ ചെന്നു് ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച് തുടർന്ന് ജോൺമേരി മുതലായ യൂറോപ്യൻപട്ടക്കാരുടെ സേവനവും പുനരൈക്യപ്പെട്ടവർക്ക് ഉണ്ടായിട്ടുണ്ട്. പതിനൊന്നാം പീയൂസ് മാർപാപ്പായുടെ കല്പനപ്രകാരം, മാർ ഈവാനിയോസ്, മാർ തേയോപ്പീലോസ്,

www.malankaralibrary.com


ബഃ ജോൺ അച്ചൻ, ബഃ അലക്സാണ്ടർ ശെമ്മാശ്ശൻ, ശ്രീ. കിളിയിലേത്തു ചാക്കോ എന്നിവരെ കൊല്ലം അരമനയിൽവച്ചു് 1930 സെപ്റ്റംബർ 20—ാംതീയതി കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെടുത്തിയതു് ബൻസിഗർ തിരുമേനിയാണു്. ബൻസിഗർതിരുമേനിയ്ക്കുശേഷം കൊല്ലംരൂപത ഭരിച്ച ജറോംഫെർണാണ്ടസു് തിരുമേനിയും, ഇപ്പോഠം കൊല്ലം രൂപതാദ്ധ്യക്ഷനായിരിക്കുന്ന ജോസഫ് ഫെർണാണ്ടസു് തിരുമേനിയും പുനരൈക്യത്തിനു് വളരെ സഹായിക്കുന്നുണ്ടു്. കൊല്ലം രൂപതയിൽനിന്നു് വിഭജിച്ച പുനലൂർ രൂപത പുത്തൻ കൂറുകാരുടെ ഇടയിലാണു്. അവരെ പുനരൈക്യപ്പെടുത്തുന്നതിനു് പുനലൂർ രൂപതാദ്ധ്യക്ഷൻ മത്തിയാസു് കാപ്പിൽ തിരുമനസ്സിലേക്കു് വലിയ താല്പര്യമുണ്ടു്.

ചങ്ങനാശ്ശേരി അതിരൂപത 1955 ൽ കന്യാകുമാരിവരെ നീട്ടിയപ്പോഠം ആ സ്ഥലങ്ങളിൽ മലബാർ റീത്തിൽ പള്ളിവച്ചിട്ടുണ്ടു്. അവരോടും ആ സ്ഥലങ്ങളിൽ നേരത്തെ സ്ഥാപിച്ചിട്ടുള്ള മലങ്കര റീത്തുപള്ളികളോടും, തിരുവനന്തപുരം, കോട്ടാർ, എന്നീ ലത്തീൻ രൂപതാദ്ധ്യക്ഷന്മാർക്കു് വളരെ സഹകരണമാണുള്ളതു് ഇവരോടെല്ലാം മലങ്കര റീത്തുകാർക്കു് എന്നേക്കും നന്ദി ഉണ്ടായിരിക്കണം. ലത്തീൻകത്തോലിക്കർ കൂടുതലുള്ള സ്ഥലത്തു് അഭ്യസ്തവിദ്യരായ ചില ലത്തീൻറീത്തുകാർക്കു പോലും 'മലബാർ', 'മലങ്കര' എന്നീ റീത്തുകളേപ്പററി കൂടുതലായി അറിയില്ല റീത്തുകളുടെ പേരിൽ ചില ഇടുങ്ങിയ മനഃസ്ഥിതിക്കാർ കേരളത്തിലുണ്ടു്. അവരുടെ

www.malankaralibrary.com


പ്രധാന ചിന്താഗതി അവരുടെ സ്വന്തം താല്പര്യമായിരിക്കും. അല്ലാതെ കത്തോലിക്കാസഭയുടെ പൊതുനന്മയല്ല ദൈവം അവർക്ക് വിശാലമനഃസ്ഥിതികൊടുക്കാൻ നമുക്ക് പ്രാർത്ഥിക്കാം

## കേരളത്തിൽ മലങ്കരറീത്ത് ഉണ്ടാകുന്നു.

പുത്തൻകൂറ്റുകാർ കത്തോലിക്കാസഭയിൽനിന്നും വേർപെട്ട്, ആത്മീയമായും ലൗകീകമായും നശിക്കുന്നതുകാണാൻ പല സഹൃദയർക്കും സങ്കടമായിരുന്നു. എന്നാൽ യോജിപ്പിനുള്ള ശ്രമങ്ങളൊന്നും ഫലിച്ചുമില്ല അങ്ങനെയിരിക്കെയാണ് യാക്കോബായ സഭയിലെ മെത്രാൻകക്ഷിയിൽപ്പെട്ട ഒരു കാതോലിക്കാബാവ, നാലു മെത്രാച്ചന്മാർ, ചില സമുദായപ്രമാണികൾ, എന്നിവർകൂടി കത്തോലിക്കാസഭയോട് പുനരൈക്യപ്പെടുവാൻ റോമാസിംഹാസനവുമായി എഴുത്തുകുത്തു നടത്തുവാൻ നിശ്ചയിച്ച് 1926ൽ പ്രാരംഭമിട്ടതു്. അവരുടെ ആചാരങ്ങളും മറ്റും അനുവദിച്ചുകൊണ്ടു് അവരെ സ്വീകരിക്കുവാൻ റോമിൽനിന്നു് മലങ്കരറീത്തു സ്ഥാപിച്ച് കല്പനയുണ്ടായി. അപ്പോൾ അതിനകം കാതോലിക്കാബാവ മരിച്ചുപോയി. 2മെത്രാച്ചന്മാർ അനുകൂലിച്ചില്ല. മാർ ഈവാനിയോസ് തിരുമേനിയും; മാർ തേയോഫീലോസുതിരുമേനിയും പുനരൈക്യപ്പെട്ടു. കൊല്ലം അരമനയിൽവച്ച് 1930 സെപ്തംബർ 20-ാനു- തുടങ്ങിയ ആ മലങ്കര റീത്തുപ്രസ്ഥാനത്തിന്റെ ആർച്ചുബിഷപ്പായി മാർ ഈവാനിയോസ് തിരുമേനിയും, തിരുവല്ലരൂപതാ

www.malankaralibrary.com


മെത്രാനായി മാർ തേയോഫീലോസ് തിരുമേനിയും നിയമിക്കപ്പെട്ടു. ആർച്ചുബിഷപ്പ് 1953 ജനുവരി 29-ാംതീയതി തന്റെ പിൻഗാമിയായി മാർ ഗ്രീഗോറിയോസുതിരുമേനിയെ വാഴിച്ചു. അതിനുശേഷം 1953 ജൂലൈ 15-ാംനു- മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തു. പിന്നീട് ആർച്ചുബിഷപ്പായി തുടരുന്ന മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ സഹായ മെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ സഹകരണത്തിൽ അതിരൂപതയെ വളരെഭംഗിയായി ഭരിക്കുന്നു. തിരുമനസ്സിലെ ഭരണകാലത്തു് 2 കോളജുകൾ, വിവിധ പരോപകാരസ്ഥാപനങ്ങൾ മുതലായവ തുടങ്ങിയിട്ടുണ്ടു്. തിരുവനന്തപുരം അതിരൂപതയുടെ സാമന്തരൂപതകളായ തിരുവല്ല; ബത്തേരി എന്നീ രൂപതകളും വളരെ അഭിവൃദ്ധിയിലാണു്. മലങ്കര സഭയ്ക്കുവേണ്ടി തിരുസിംഹാസനം തിരുവനന്തപുരത്തു് ഒരു മേജർസിമ്മനാരി അനുവദിച്ചതു് പ്രവർത്തനത്തിലായിരിയ്ക്കുന്നു. അതിരൂപതയിലെ സാമൂഹ്യപ്രവർത്തനങ്ങൾ വമ്പിച്ച വിജയമാണു്. ഇപ്പോൾ തിരുവനന്തപുരം അതിരൂപതയിൽ മൂന്നുലക്ഷത്തോളംജനങ്ങളും 750-ലധികം പള്ളികളും 370-ൽക്കൂടുതൽ വൈദികരും ഉണ്ടു്. കൂടാതെ ബഥനി സന്യാസ സമൂഹം; ബഥനി സന്യാസിനീ സമൂഹം, മുതലായ വിവിധ സന്യാസ സഭകളുമുണ്ടു്. അവരുടെയെല്ലാം പ്രവർത്തനത്തിൽ അതിരൂപത ശക്തി പ്രാപിക്കുന്നു. പുത്തൻകൂറുകാരുടെ സർവ്വവിധമായ നല്ല ആചാരങ്ങളും മലങ്കരറീത്തുവഴിയായി റോമിൽനിന്നു് അംഗീകരിച്ചിരിയ്ക്കുമ്പോൾ അവർ അതിൽചേരേണ്ടതു് അത്യാവശ്യമാണു്. അതിനുവേണ്ടി നമുക്കുപ്രാർത്ഥിക്കാം

www.malankaralibrary.com


## തിരുവനന്തപുരം അതിരൂപതയ്ക്ക് പഴയകൂറുകാരിൽനിന്നുണ്ടായ സഹായങ്ങൾ

മാർ ഈവാനിയോസ് തിരുമേനിയുടെ യാക്കോബായ ബഥനി പ്രസ്ഥാനം, മദ്ധ്യതിരുവിതാംകൂറിലായിരുന്നല്ലോ? അദ്ദേഹം പുനരൈക്യപ്പെട്ടപ്പോൾ ശത്രുക്കളും അവിടെയാണ് കൂടുതലുണ്ടായതു്. തിരുവല്ല രൂപതാദ്ധ്യക്ഷനായ മാർ തേയോഫീലോസു തിരുമേനി ഒരു പുണ്യവാനായിരുന്നു. ഇന്നത്തെ തിരുവല്ലാ ഭദ്രാസനപ്പള്ളി [കത്തീഡ്രൽ] ചങ്ങനാശ്ശേരിരൂപത വക ഒരു ചെറിയ മിഷ്യൻപള്ളിയായിരുന്നു. ചങ്ങനാശ്ശേരി തിരുമേനി, തിരുവല്ലരൂപതയ്ക്കു് ആ പള്ളി വിട്ടുകൊടുത്തു. ആ പള്ളിയിൽ അന്നു് കുറച്ചുവീട്ടുകാരെ ഉണ്ടായിരുന്നുള്ളു. അവർ ഭൂരിപക്ഷവും സാധുക്കളായ പുത്രക്രിസ്ത്യാനികൾ ആയിരുന്നു. അവരുടെ ആത്മീയകാര്യങ്ങൾ നടത്തിയിരുന്നതു്, ബഥനി ആശ്രമസ്ഥരായ സന്യാസികൾ ആയിരുന്നു. മാർ തേയോഫീലോസു തിരുമേനി ആ പള്ളിയിലാണ് താമസിച്ചിരുന്നതു്. ഈ അവസരത്തിൽ ആ ഇടവകയിൽപ്പെട്ട ഒരാൾ മരിച്ചു അപ്പോൾ മാർ ഈവാനിയോസു് തിരുമേനി റോമിൽ പോയിരിക്കുകയായിരുന്നു. തിരുവല്ല അകത്തോലിക്കരുടെ കേന്ദ്രമാണല്ലോ.? പരേതനെ അടക്കുന്നതിനു് അവരെല്ലാം തടസ്സമുണ്ടാക്കി. മുനിസിപ്പൽ അധികൃതരും തടഞ്ഞു. അവിടുത്തെ അന്നത്തെ തഹശീൽദാരും അകത്തോലിക്കരോട് അനുകൂലിച്ചു. മാർ തേയോഫീലോസുതിരുമേനിയും ഇടവകക്കാരും വളരെ വിഷമിച്ചു. തിരുമേനി ബലിപീഠത്തിനു് മുമ്പിൽ മുട്ടുകുത്തി കണ്ണുനീരോടെ പ്രാർത്ഥിച്ചു. കുമ്പഴ ബ: പീലിപ്പോസ് മേടയിലച്ചനെ വിവരമറിയിച്ചു അദ്ദേഹം അസാമാന്യ

www.malankaralibrary.com


കഴിവുള്ള ഒരു പട്ടക്കാരനായിരുന്നു. വിവരമറിഞ്ഞയുടനെ അദ്ദേഹം ചങ്ങനാശ്ശേരി അരമനയിൽചെന്നു് കാലാശ്ശേരിൽ തിരുമേനിയെ വിവരമറിയിച്ചു. തിരുമേനിയ്ക്കു് അപ്പോഠം പനിയായിരുന്നു. അദ്ദേഹം അച്ചനെ ധൈര്യപ്പെടുത്തിയിട്ടു് ചങ്ങനാശേരിരൂപതയിലെ ധീരനായ ബ: ജോസഫ് നെല്ലുവേലിൽ അച്ചൻ അരമനയിൽവരുവാൻ ആളയച്ചു. തിരുമേനി പ:കുർബ്ബാനയുടെസന്നിധിയിൽചെന്നു് സങ്കടത്തോടുകൂടി പ്രാർത്ഥിച്ചു. അപ്പോഴേക്കും ബ: നെല്ലുവേലിലച്ചൻവന്നു. തിരുമേനി അച്ചന്മാരോടു് ഇങ്ങനെപറഞ്ഞു, അച്ചന്മാരെ! കത്തോലിക്കാസഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വഹിക്കേണ്ടിവന്നാൽ അതു സ്വീകരിച്ചുകൊള്ളണം; തേയോപ്പീലോസ് പിതാവിനെ സൂക്ഷിച്ചുകൊള്ളണം; എനിക്കു് സുഖമില്ല; അല്ലെങ്കിൽ ഞാൻകൂടി വരാമായിരുന്നു, ദൈവത്തിൽ ആശ്രയിച്ചു് പൊയ്ക്കൊള്ളുക; ദൈവമാതാവും വിശുദ്ധരും നിങ്ങഠക്കു് സഹായമായിരിക്കും. നിങ്ങളുടെ വിവരമറിയുന്നതുവരെ ഞാൻ പ: കുർബ്ബാനയുടെ സന്നിധിയിലായിരിക്കും. അച്ചന്മാർ തിരുമേനിയുടെ ആശീർവ്വാദംവാങ്ങി ഒരു കാറിൽ നേരെ തിരുവല്ലാപള്ളിയിലേക്കുവന്നു പള്ളിയ്ക്കുചുറ്റും വമ്പിച്ച ജനക്കൂട്ടം എതിർത്തുനില്ക്കുന്നുണ്ടു്. അച്ചന്മാർ ഒട്ടും അധൈര്യപ്പെടാതെ ശവക്കോട്ടയിൽചെന്നു് പരേതന്റെ സംസ്കാരം നടത്തി. അവരോടു് ഒരാഠമാത്രം എതിർത്തുസംസാരിച്ചു. കത്തോലിക്കാസഭവക സ്ഥലത്തു് ശവമടക്കുന്നതിനു് നിങ്ങഠ എതിർക്കുന്നതെന്തിനാണു്? നിങ്ങഠക്കു് ഈ സ്ഥലത്തിനവകാശമുണ്ടെങ്കിൽ ഗവണ്മെൻറിൽ പരാതിപ്പെട്ടുകൊള്ളുക, ഞങ്ങഠ സമാധാനം പറഞ്ഞുകൊള്ളാം, എന്നു്

www.malankaralibrary.com


നെല്ലുവേലിലച്ചൻ ഗൗരവമായി അയാളോടു പറഞ്ഞു. അനന്തരം അച്ചന്മാർ നേരേ ചങ്ങനാശേരി അരമനയിലേക്കുചെന്നു കാളാശേരിൽ തിരുമേനി അവരെ അനുഗ്രഹിച്ചു് ദൈവത്തിനു് നന്ദി പറഞ്ഞു.

പഴയ കൂററിലെ ഒരു പ്രധാനഇടവകയായ തമ്പലക്കാട്ടു് ഇടവകയിൽനിന്നും തിരുവല്ലാ രൂപതയ്ക്കുവേണ്ടി റോമിൽ വൈദീകപഠനംനടത്തി ഉന്നതബിരുദധാരിയായി തിരികെവന്നു് കേരളത്തിലെ അകത്തോലിക്കാസഭകളുടെ സർവ്വവിധമായ ഗ്രന്ഥങ്ങളും പഠിച്ചു് അതേപ്പററി ധാരാളം പുസ്തകങ്ങളെഴുതി അനേകം പുത്തൻകൂററുകാരെ മാനസാന്തരപ്പെടുത്തിയിട്ടുള്ള മോൺസിഞ്ഞോർ തോമസ് വടശ്ശേരി അച്ചർകളെ മലങ്കര റീത്തുകാർ നിത്യം സ്മരിക്കേണ്ട ഒരു വന്ദ്യ വൈദീകനാണ്.

ഇപ്പോഴത്തെ പാലാ രൂപതയിൽനിന്നു് സർവ്വസംഗപരിത്യാഗിയായി തിരുവനന്തപുരം അതിരൂപതയിൽവന്നു് "ഡോട്ടേഴ്സ് ഓഫ് മേരി" എന്ന സന്യാസിനീസമൂഹം മാർത്താണ്ഡത്തു സ്ഥാപിച്ചു് അവർമുഖേന, ആ അതിരൂപതയ്ക്കുന്നല്ല, ലോകത്തിൽ പലഭാഗത്തും മിഷ്യൻ വേലയ്ക്കുപോകുവാൻതക്കവണ്ണം അവരെ പ്രാപ്തരാക്കി ഭാഗ്യമരണംപ്രാപിച്ച മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലി അവർകളുടെ പരിപാവന സ്മരണ എന്നും നിലനില്ക്കുന്നതാണ്.

പഴയകൂററുകാരിൽനിന്നും ധാരാളംവിശ്വാസികൾ മലങ്കരറീത്തിൽചേർന്നു് വൈദീകരായും, കന്യാസ്ത്രീകളായും, സന്യാസികളായും തിരുവനന്തപുരംഅതിരൂപതയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

www.malankaralibrary.com


ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ തിരുമേനിയും കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു വട്ടക്കുഴി തിരുമേനിയും മലങ്കര റീത്തുകാരെ സഹായിക്കുന്നതിൽ വളരെ താല്പര്യമുള്ളവരാണ്. അതുപോലെ കേരളത്തിലെ ശേഷമുള്ള എല്ലാ മലബാർറീത്ത് അദ്ധ്യക്ഷന്മാരായ വന്ദ്യപിതാക്കന്മാരും മലങ്കര റീത്തുകാരെ സഹായിക്കുന്നുണ്ട്. കൂടാതെ മലബാർ രൂപതകളിലെ പല ബ: പട്ടക്കാരും കന്യാസ്ത്രീകളും, സന്യാസികളും, വിശ്വാസികളും മലങ്കര റീത്തിൽപ്പെട്ട മിഷ്യൻവേലയെ സഹായിക്കുന്നവരാണ്. ദൈവകൃപ കഴിഞ്ഞാൽ തിരുവനന്തപുരം അതിരൂപതയ്ക്കു് ഉണ്ടായിട്ടുള്ള ഉയർച്ചക്ക് മലബാർ റീത്തുകാരോട് മലങ്കര റീത്തുകാർ കടപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഏറ്റവുംവലിയ പള്ളികളിലൊന്നായ കാർമലപള്ളിക്കും ആ അതിരൂപതയിലെ ഏറ്റവുംചെറിയ പള്ളിയായ പുതുക്കുളംപള്ളിക്കും മലബാർറീത്തിൽപെട്ട 2 മാന്യന്മാർചെയ്ത സഹായം ഇവിടെ കുറിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട ആലപ്പുഴ ഇടവകാംഗമായ വൈക്കത്തുകാരൻ വീട്ടിൽ ശ്രീ. തൊമ്മൻസ്കറിയാ മുതലാളി 1926-ൽ കോന്നിക്കു സമീപമുള്ള പയ്യനാമണ്ണിൽവന്ന് 200 ഏക്കർ സ്ഥലം വാങ്ങിച്ച് തോട്ടം സ്ഥാപിക്കുവാൻ നിശ്ചയിച്ചു. അപ്പോൾ അവിടെ റോഡരുകിൽ ഒരു പള്ളി വയ്ക്കുവാൻ

www.malankaralibrary.com


നിശ്ചയിച്ച് ഒരു കുരിശും സ്ഥാപിച്ചു. ഉടനെ അതിനു മുമ്പ് അവിടെനിന്നും ലത്തീൻ റീത്തിൽ ചേർന്നിരുന്ന ഒരാൾ മരിച്ചു. അയാളെ ആ സ്ഥലത്തു് അടക്കി അപ്പോൾ ശത്രുക്കൾ ആ ശവകുടീരം നശിപ്പിച്ചു. മുതലാളി ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് അവിടെയുള്ള കത്തോലിക്കരെ ധൈര്യപ്പെടുത്തി കുരിശടിക്കു് കുറെ കിഴക്കു് കാർമല എന്ന സ്ഥലത്തു് രണ്ടു് ഏക്കർ സ്ഥലം കൂടി തിരുവനന്തപുരം അതിരൂപതയ്ക്കുകൊടുത്തു അവിടെ അദ്ദേഹത്തിൻെറ ചെലവിൽ മനോഹരമായ ഒരു പള്ളി പണിയിച്ചു സ്വർണ്ണക്കുരിശ് വെള്ളിക്കുരിശ് മുതലായ സർവ്വവിധ പള്ളിഉപകരണങ്ങളും പള്ളി ബംഗ്ലാവും ഉണ്ടാക്കി അതിരൂപതയ്ക്കു് ദാനം ചെയ്തു. അതോടുകൂടി കാർമല വി: അന്തോണിയോസിൻെറ പള്ളിയിൽ ധാരാളം അകത്തോലിക്കർ പുനരൈക്യപ്പെട്ടു് ചേർന്നു. വിശുദ്ധൻ മുഖേന അനേകം അതിശയങ്ങൾ ആ നാട്ടിലുണ്ടായി ഇപ്പോൾ ആ പള്ളിയിൽ നിന്നും കോന്നീത്താഴം, കൊന്നപ്പാറ, ആവോലിക്കുഴി എന്നിങ്ങനെ 3 പള്ളികൾകൂടി ഉണ്ടായിരിക്കുന്നു. വലിയ ഭക്തനായിരുന്നമുതലാളി 1960 മാർച്ച് മാസം 1-ാംനു ഭാഗ്യമരണം പ്രാപിച്ചു ആർച്ചു ബിഷപ്പിൻെറയും ഇടവക ജനങ്ങളുടെയും ആഗ്രഹമനുസരിച്ച് അദ്ദേഹത്തെ കാർമല പള്ളിക്കകത്തു തന്നെ സംസ്ക്കരിച്ചു അദ്ദേഹത്തിന്റെ ഒരു മകൾ ഉന്നതബിരുദധാരിണിയായ സിസ്റ്റർ ഢിക്രൂസു് ആരാധനമഠത്തിലെ അംഗമാണ് നാട്ടിലുള്ള മകൻ ശ്രീ. തൊമ്മിക്കുഞ്ഞു് ഐരവൺ എന്ന സ്ഥലത്തു് ഒരു പള്ളിവെയ്ക്കാൻ സ്ഥലവുംപണവും

www.malankaralibrary.com



തിരുവനന്തപുരം ആർച്ചുബിഷപ്പ്തിരുമേനിയെ ഏല്പി ച്ചിട്ടുണ്ട്. അദ്ദേഹം അവിടെയുള്ള ബംഗ്ളാവിൽ വിശ്രമിക്കുന്നു. ശ്രീ മുതലാളിയുടെ കുടുംബത്തിനുവേണ്ടി ഇടവകക്കാർ പ്രാർത്ഥിക്കുന്നുണ്ട്.

അടുത്തതായി തിരുവനന്തപുരം അതിരൂപതയി ലെ ഏററവും ചെറിയപള്ളിയായ പുതുക്കുളംപള്ളിയ്ക്കു സഹായിച്ച മലബാർറീത്തിലെ ഒരു മാന്യ വ്യക്തിയുടെ കാര്യംകൂടി പറയുകയാണു്. കാഞ്ഞിരപ്പള്ളി രൂപതാം ഗവും, റവ: ഫാദർ എം. ഡി. വർക്കി എസ്സ്. ജെ; റവ: സിസ്റ്റർ കാർമൽ: റവ: സിസ്റ്റർ ഇമ്മാക്കുലേററ്., റവ: സിസ്റ്റർ സ്രാഫിയ എന്നിവരുടെ സഹോദരനും., കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡൻറുമായ മണ്ണിൽ-പറമ്പിൽ ശ്രീ എം. ഡി. ജോസഫ് ബി. ഏ. ബി. എൽ. അവർകളാണ് അതു്. എല്ലാ കത്തോലിക്കാ സ്ഥാപനങ്ങൾക്കും നല്ലതുപോലെ സഹായിയ്ക്കുന്ന ഒരു മാന്യനാണ് അദ്ദേഹം കേവലം പാവപ്പെട്ട നാല്പതു് വീടുകളാണ് പുതുക്കുളം പള്ളിയിലുള്ളതു്. ആ പള്ളി യുടെ രജതജൂബിലി സ്മാരകമായി, വാഴ്ത്തപ്പെട്ട അൽ ഫോൻസാമ്മയുടെ നാമത്തിൽ ഒരു ചെറിയ കുരിശടി സ്ഥാപിക്കണമെന്നു് ഇടവകക്കാർക്കു് വളരെ ആഗ്രഹമു ണ്ടായി. വികാരി ആ വിവരം ശ്രീ ജോസഫിനെ അറി യിച്ചു. അദ്ദേഹം അതിലേക്കു് സ്ഥലവും പണസഹായ വും ചെയ്തുതന്നതിനു് ഇടവകക്കാർക്കു് ശ്രീ ജോസഫി നോടും കുടുംബത്തോടുമുള്ള കൃതജ്ഞത വലുതാണ്. ആ ഇടവകക്കാർ ആ മാന്യൻെറ കുടുംബത്തിനുവേണ്ടി പ്ര ത്യേകം പ്രാർത്ഥിക്കുന്നു

www.malankaralibrary.com



# പുത്തൻക്രൂറുകാരിലെ ചില പഴയ കുടുംബങ്ങളുടെ പൂർവ്വീകത്വം

പഴയക്രൂറുകാരായിരുന്നതിന്റെ ശേഷം പുത്തൻക്രൂറിലായി ഇപ്പോൾ പഴയക്രൂറുകാരെ ആക്ഷേപിക്കുന്ന ചിലരുണ്ടു്. പക്ഷേ! അവരുടെ കുടുംബചരിത്രം പരിശോധിക്കുമ്പോഴാണ് സത്യം വെളിപ്പെടുന്നതു്. പുത്തൻ ക്രൂറിലെ പഴയ പള്ളികളായ കടമ്പനാട്ടു്, തേവലക്കര, ചെങ്ങന്നൂർ, തുമ്പമൺ, മണർകാട്ടു് മുതലായ പള്ളികളിലെ പല കുടുംബക്കാരുടെയും ചരിത്രം പരിശോധിച്ചാൽ അരുവിത്തുറ, പാലാ, കാഞ്ഞിരപ്പള്ളി കുറവിലങ്ങാട്ടു്, ഭരണങ്ങാനം മുതലായ കത്തോലിക്ക പള്ളികളിലാണ് അവരുടെ പൂർവ്വീകന്മാരുടെ ചരിത്രം കാണുന്നതു്. ശങ്കരത്തിൽ കുടുംബത്തിൽ പുത്തൻക്രൂർ സമുദായത്തിൽ ഏഴുപട്ടക്കാരുണ്ടു്. ഞാൻ പുനരൈക്യപ്പെട്ടതിലവർക്ക് വിരോധമാണ്. എന്നാൽ എന്റെയും അവരുടേയും പിതാമഹന്റെ പിതാവു് വടക്കൻ പറവൂർ (കോട്ടക്കാവു്) കത്തോലിക്കാപള്ളിയിൽ ജ്ഞാനസ്നാനപ്പെട്ടുചേർന്ന ചന്ദ്രത്തിൽ എന്ന ബ്രാഹ്മണ കുടുംബത്തിലെ ശങ്കരൻപോററി പിന്നീടു് പന്തളത്തുവന്നു താമസമാക്കിയതാണ്. അദ്ദേഹത്തിന്റെ പിൻഗാമികൾ പിന്നീടു് പുത്തൻക്രൂറുകാരായി തീർന്നതാണ്. അതു് അവർക്കു് അറിയാം.

തുമ്പമൺ (പുത്തൻക്രൂർ) പള്ളിയിലെ പ്രധാന കുടുംബങ്ങളിലൊന്നായ തൊണ്ടംവേലിൽ കുടുംബം

www.malankaralibrary.com



പറവൂർ കത്തോലിക്കാ പള്ളിയിൽ നിന്നും വെണ്മണിയിൽ വരികയും പിന്നീട് ഒരുശാഖ തുമ്പമൺ വരുകയും ചെയ്തവരാണ് മാർത്തോമ്മാ സഭയിലെ ഒരു പ്രബല കുടുംബമായ മാരാമൺ പാലക്കുന്നത്തു കുടുംബത്തിലെ രണ്ടുപൂർവ്വീകന്മാർ കുറവിലങ്ങാട്ടു കത്തോലിക്കാപള്ളിയിൽ നിന്നു 1796-ൽ മാരാമണ്ണുവന്നു താമസമാക്കിയതാണെന്നു അവരുടെ കുടുംബചരിത്രത്തിൽ പറയുന്നു. കോലത്തുനാട്ടു രാജകുടുംബത്തിൽപ്പെട്ട ഒരു തമ്പുരാൻ ഇന്നേക്കു ആയിരംവർഷം മുമ്പ് കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ അവിടെ അദ്ദേഹത്തിനോടു ഉണ്ടായ എതിർപ്പു നിമിത്തം അദ്ദേഹം കോഴഞ്ചേരിയിൽ വന്നു താമസിച്ചതിന്റെ പിൻഗാമികളാണ് കോഴഞ്ചേരിയിലെ കോലത്തു കുടുംബക്കാർ എന്നു കോലത്തുകുടുംബ ചരിത്രം പറയുന്നുണ്ടു. ചെങ്ങന്നൂരിനടുത്തു മുളക്കുഴ എന്ന സ്ഥലത്തു പുത്തൻകൂർ സമുദായങ്ങളിൽ വ്യാപിച്ചുകിടക്കുന്ന 'പാങ്കാവിൽ' എന്ന ഒരു പ്രബലകുടുംബമുണ്ടു. അവർ; കല്ലൂർക്കാട്ട് (ചമ്പക്കുളം) മാപ്പിളശേരിൽ എന്ന കത്തോലിക്കാകുടുംബത്തിൽപ്പെട്ട രണ്ടു പിതാക്കന്മാർ, അന്നത്തെ ചെമ്പകശേരി രാജാവിനോടുപിണങ്ങി മുളക്കുഴ വന്നുതാമസിച്ചവരുടെ പിൻഗാമികളാണ്. അവർ ഇപ്പോഴും മാപ്പിളശേരിൽ കുടുംബയോഗത്തിനു സംബന്ധിക്കുകയും, ചമ്പക്കുളം പള്ളിയിൽ നേർച്ചകാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. മദ്ധ്യകേരളത്തിലെ പ്രബല പുത്തൻകൂർ കുടുംബങ്ങളായ വടക്കടം, തെങ്ങുന്തറ (പ്ലാന്തോട്ടം) എന്നിവരുടെ പൂർവ്വീകന്മാർ കുറവിലങ്ങാട്ട്, ഭരണങ്ങാനം എന്നീ കത്തോലിക്കാ ഇടവകകളിൽനിന്നും വന്നവരാണ്.

www.malankaralibrary.com



# മലബാർ റീത്തുകാരും സുവിശേഷവേലയും

മലബാർ റീത്തുകാർ (പഴയക്കൂറുകാർ) അവരുടെ കുലശ്രേഷ്ഠതയിൽ അഭിമാനംഭാവിച്ച് മററുജാതിക്കാരെ സഭയിലേക്ക് ചേർത്തിരുന്നില്ല. അതു് ഒരു ദുഃഖസത്യമാണ്. അതിനു്; അവരെഭരിച്ചിരുന്ന യൂറോപ്യൻമേലധികാരികളും കുററക്കാരാണ്. കാരണം; സുവിശേഷവേലയ്ക്ക് മലബാർറീത്തുകാരെ അവർ പ്രോത്സാഹിപ്പിച്ചില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇന്ത്യമുഴുവനും അവർ സുവിശേഷവെളിച്ചം ഉണ്ടാക്കുമായിരുന്നു. അതുപോകട്ടെ അവർക്ക് ഭരണത്തിൽ സ്വാതന്ത്ര്യംകിട്ടിയപ്പോൾ സുവിശേഷവേലയിൽ താല്പര്യം വർദ്ധിച്ചു. ഏകദേശം നൂറു് വർഷത്തിനുമുമ്പു് അവരിൽനിന്നു വൈദീകരും, സന്യാസിനീ-സന്യാസികളും വടക്കേ ഇന്ത്യയിൽ സുവിശേഷവേലയ്ക്കു് പോയിത്തുടങ്ങി. ഇപ്പോൾ, മലബാർ റീത്തുകാരെ സാററ്ന, ഉജ്ജയിൻ, ആന്ധ്ര, ജഗദൽപൂർ, പാററ്നാ, ബിജ്നോഖർ, ജമ്മു,കാശ്മീർ, മുതലായ പല മിഷ്യൻരൂപതകൾ മാർപാപ്പാമാർ ഏല്പിച്ചിരിക്കുന്നു. അവിടത്തെ മിഷ്യനറിമാരുടെ ജോലി എത്രയോ പ്രയാസമേറിയതാണ്. കേരള കത്തോലിക്കരെ മുമ്പു് ഭരിച്ചിട്ടുള്ള നേതാക്കന്മാരുടെ ജന്മനാടുകളായ അമേരിക്ക; യൂറോപ്പ് എന്നീ രാജ്യങ്ങളിൽപോലും ഇപ്പോൾ മലബാർ റീത്തുകാർ സുവിശേഷവേല ചെയ്യുന്നു. എത്ര അതിശയം! 13-ാം ലയോൻ മാർപാപ്പാ ഇന്ത്യാക്കാരോടു് പറഞ്ഞതു് "ഭാരതമേ! നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." എന്നാണ്. അതു് അർത്ഥവത്താകുന്നു.

www.malankaralibrary.com


# മലബാർ റീത്തിലെ സന്യാസികളും സന്യാസിനികളും.

കേരളത്തിലെ പഴയക്രൂററു കത്തോലിക്കർക്ക് കിട്ടിയിട്ടുള്ള ഏററവുംവലിയനിധി സന്യാസസംഘങ്ങളാണ്. 1831 മെയ് 11-ാംനു- മാന്നാനം കുന്നിൽ മുളച്ച ആ അമൂല്യനിധി. വളർന്നു വളൎന്നു വന്നു ഇന്നു അവർക്കു എത്രശക്തി നേടിക്കൊടുത്തിരിക്കുന്നു.

ഒന്നാമതായി അവരേപ്പററി പറയാനുള്ളതു് അവരുടെ മാതൃകാപരമായ ജീവിതമാണ്. അതുവഴി ജനങ്ങൾ വിശ്വാസത്തിൽ ഉറപ്പുള്ളവരായി തീരുന്നു. അടുത്തതായി അവരുടെ വിദ്യാഭ്യാസകാര്യങ്ങളാണ് ചിന്തിക്കേണ്ടതു്. ത്യാഗികളായ ആ സന്യാസികൾ നടത്തുന്ന കോളജുകൾ, മററുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരോപകാര പ്രവൎത്തനങ്ങൾ മുതലായവനിമിത്തം രാജ്യത്തിനു് എത്രയോ നന്മയാണ് അവർ വരുത്തിക്കൂട്ടുന്നതു്. അതിനുപ്രവൎത്തിക്കുന്ന കൎമ്മലീത്താ സന്യാസികൾ കൂടാതെ വേറെ എത്രയോ സന്യാസസംഘവും മലബാർറീത്തുകാരിൽനിന്നു് ഉളവായിട്ടുണ്ട്. വിൻസൻഷ്യൻ, സലേഷ്യൻ, ദൈവവചനസഭ, ബനഡിക്ററൻ, കപ്പൂച്ചിയൻ ഫ്രാൻസിസ്കൻ, ഡോമിനിക്കൻ, കത്തൂസിയൻ, അഡറേഷൻ മുതലായി വിവിധസന്യാസി-സന്യാസിനികൾ മലബാർ റീത്തിൽ ഉണ്ടു്. തൃശ്ശൂരിൽ ദൈവദാസി മറിയംത്രേസ്യാ 1914-ൽ സ്ഥാപിച്ച തിരുക്കുടുംബ സന്യാസിനീസഭയുടെ അഭിവൃദ്ധി യൂറോപ്യൻ കന്യാസ്ത്രീകളേപ്പോലും അതിശയിപ്പിക്കുന്നു. ചങ്ങനാശ്ശേരി

www.malankaralibrary.com


ത്തിലെ സേവനോദ്യാനം കന്യാസ്ത്രീകളുടെ സേവനങ്ങൾ അത്ഭുതകരമത്രെ. ഉൽകൃഷ്ട കുടുംബാംഗമായ തങ്കമ്മ കണ്ടകരി എന്ന ഒരു സന്യാസിനി എളിയവേഷത്തിൽ തന്റെ സഹപ്രവർത്തകരോടുകൂടി ചെയ്യുന്ന പരോപകാര പ്രവർത്തനങ്ങൾ ആരേയും ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. അവരുടെ പ്രവർത്തനങ്ങൾ മററു രൂപതക്കാർക്ക് മാതൃകയാണ്.

## മലബാർ റീത്തിലെ ദൈവദാസർ.

കർമ്മലീത്താ സന്യാസവൈദികനായിരുന്ന ചാവറ കുറിയാക്കോസ് ഏലിയാസച്ചനേയും; ക്ലാര സന്യാസിനീ സംഘാംഗമായിരുന്ന അൽഫോൻസാമ്മയേയും 1986-ൽ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന് 1925-ൽ റോമിൽവെച്ച് കാലംചെയ്ത കുര്യാളശ്ശേരിൽ മാർ തോമസ് മെത്രാച്ചന്റെയും, ഇരിഞ്ഞാലക്കുട രൂപതയിൽ മറിയംത്രേസ്യായുടെയും, ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത കാവുകാട്ട് മത്തായി മെത്രാപ്പോലീത്താ ബി. എ. ഡി ഡിയുടേയും വിശുദ്ധ പദപ്രഖ്യാപനത്തിനുള്ള പ്രാരംഭ നടപടിയിലേക്ക് പ്രവേശിച്ചിട്ടുണ്ട് കാഞ്ഞിരപ്പള്ളി രൂപതയിൽ അയിലൂപറമ്പിൽ പരേതനായ റവ. ഫാ: ഈപ്പൻ ബി എ പിച്ച് ഡി യുടേയും, പാലാരൂപതയിൽ രാമപുരം തേവർപറമ്പിൽ പരേതനായ ബ: ജോസഫ് (കുഞ്ഞച്ചൻ) അച്ചന്റെയും പേരിൽ അതിശയങ്ങൾ നടക്കുന്നുണ്ട്.

www.malankaralibrary.com


കേരളത്തിലെ ഫ്രാൻസിസ് അസീസി എന്നു വിളിച്ചിരുന്ന ഇടതുപാ പുത്തൻപറമ്പിൽ തൊമ്മച്ചൻ കുടുംബജീവിതക്കാരനായ ഒരു വിശുദ്ധൻ ആയിരുന്നു.

## മലബാർറീത്തിലെ രക്തസാക്ഷികൾ.

മലബാർറീത്തിൽനിന്നു് വടക്കേ ഇൻഡ്യയിലും മററും സുവിശേഷവേലയ്ക്കു് പോയിട്ടുള്ളവരിൽ രക്തസാക്ഷികളായ പല ബ: വൈദികരും, കന്യാസ്ത്രീകളും, സന്യാസികളുമുണ്ടു്. അതിലൊരാളാണു് സസറാമിൽവച്ചു വെടിയേററുമരിച്ച ബ: മാത്യൂ മണ്ണാരപ്പറമ്പിലച്ചൻ. അദ്ദേഹത്തിൻെറ ധീരരായ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നു. പഴയ കൂററുകാരും പുത്തൻ കൂററുകാരുംകൂടി യോജിക്കാൻ ആലോചിച്ചു് സമാധാനാലോചനയ്ക്കു് റോമിൽപോയി തിരികെ ഗോവയിൽവന്നു് 1786 സെപ്റ്റംബർ 10-ാംനു- മരിച്ച കരിയാററിൽ ജോസഫ് മെത്രാപ്പോലീത്തായേയും രക്തസാക്ഷിയായി കണക്കാക്കേണ്ടതാണു്.

## കേരളത്തിലെ മലബാർറീത്തുകാരുടെ (പഴയകൂററുകാർ) ഇന്നത്തെ സ്ഥിതിവിവരം (ചുരുക്കത്തിൽ)

പഴയകൂററുകാരും പുത്തൻകൂററുകാരുംകൂടെ പിരിഞ്ഞപ്പോൾ പഴയകൂറ്റുകാരെ ഭരിക്കാൻ മേലധികാരികൾ നിയമിച്ചതു്, കടവിൽ ചാണ്ടി മെത്രാച്ചനെയായിരുന്നല്ലോ ? അദ്ദേഹം 1687ൽ മരിച്ചു. അന്നുമുതലുള്ള 200 വരഷം വരാപ്പുഴ കമ്മലീത്താക്കാരാണു് പഴയകൂററുകാരെ

www.malankaralibrary.com


ളരിച്ചതു്. അവരിൽനിന്നുണ്ടായ ഉപദ്രവങ്ങളെല്ലാം അവർ സഹിച്ചു. നാട്ടുമെത്രാന്മാരെ കിട്ടണമെന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. അതിനുവേണ്ടി അവർ വളരെ പരിശ്രമിച്ചു. കേരളത്തിൽ സഭാപരമായി ഉണ്ടാകുന്നവിവരങ്ങൾ അപ്പഴപ്പോൾ അവർ റോമിൽ അറിയിച്ചുകൊണ്ടിരുന്നു. അപ്പോൾ കർമ്മലീത്താ ഭരണാധികാരികൾക്കു് അവരോടു് വിരോധം വർദ്ധിച്ചു. എങ്കിലും ദൈവം മലബാർറീത്തുകാരുടെ പ്രാർത്ഥനകേട്ടു. അവരുടെ ആഗ്രഹം തിരുസിംഹാസനം നിറവേററിക്കൊടുത്തു. 1887-ൽ സുറിയാനിക്കാർക്കായി കോട്ടയം, തൃശ്ശൂർ എന്ന രണ്ടു് രൂപതകൾ അനുവദിച്ചു. എന്നാൽ ആ രൂപതകളിലേക്കു് വിദേശികളായ അദ്ധ്യക്ഷന്മാരെയാണു് നിയമിച്ചതു്, അതുകൊണ്ടു് മലബാർ റീത്തുകാർ തൃപ്തിപ്പെട്ടില്ല. അവർ വീണ്ടും റോമിലേക്കു് പരാതിപ്പെട്ടു. 13—ാം ലയോ മാർപാപ്പാ, 1896 ൽ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ രൂപതകൾ അനുവദിക്കുകയും, അതിൽ നാട്ടുമെത്രാന്മാരെ നിയമിക്കുകയും ചെയ്തു. ക്നാനായക്കാർക്കുവേണ്ടി കോട്ടയം രൂപത അനുവദിച്ചു് അതിനു് തെക്കുംഭാഗനായ തിരുമേനിയെ ഭരണമേല്പിച്ചു. അതോടുകൂടി മലബാർറീത്തുകാർ അത്ഭുതകരമായി അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി.

ഇന്നു് എറണാകുളം അതിരൂപതയിൽ തൃശൂർ, കോതമംഗലം, തലശേരി, പാലക്കാടു്, മാനന്തവാടി, താമരശേരി, ഇരിഞ്ഞാലക്കുട എന്നിങ്ങനെ 7 ~~സാമന്ത~~ രൂപതകൾ ഉണ്ടു്. ചങ്ങനാശേരി അതിരൂപതയിൽ കോട്ടയം; പാലാ; കാഞ്ഞിരപ്പള്ളി എന്നീ 3 ~~സാമന്ത~~

www.malankaralibrary.com



രൂപതകളാണുള്ളതു്. ഇൻഡ്യയിൽ ഇതുപോലെ ഒരു സംസ്ഥാനത്തും (സ്റ്റേററിൽ) ഒരുറീത്തിൽ രണ്ടു് അതിരൂപതകൾ വേറെ അനുവദിച്ചിട്ടില്ലെന്നാണ് തോന്നുന്നതു്. മലബാർറീത്തുകാരോടു് തിരുസിംഹാസനത്തിനുള്ള താല്പര്യംകൊണ്ടു് അങ്ങനെ അനുവദിച്ചതാണ്. ഇന്ത്യ ഒട്ടുക്കു് ഇപ്പോൾ മലബാർറീത്തുകാർക്ക് ശക്തി ഉണ്ടായിരിക്കുന്നു. അവരുടെ കോളജ്ജുകൾ, സിമ്മനാരികൾ മുതലായവ അസൂയാവഹമായനിലയിൽ പുരോഗമിച്ചുവരുന്നു. മലബാർറീത്തിൽപ്പെട്ടവർ ഇപ്പോൾ അമേരിക്ക, യൂറോപ്പ് എന്നിസ്ഥലങ്ങളിൽ കുടിയേറിപ്പാർത്തിട്ടുണ്ടു് അവിടെയും അവരുടെ റീത്തിൽ പള്ളിവയ്ക്കാൻ അവർ ശ്രമിക്കുന്നു. തിരുസിംഹാസനം എപ്പോഴും അതിനു് അനുക്രൂലമാണ്. ഇപ്പോൾ മലബാർറീത്തുകാർക്കു് ഉടൻതന്നെ ബോംബേയിൽ ഒരു രൂപതയും; കാലക്രമത്തിൽ ഇന്ത്യയുടെ പല ഭാഗത്തും രൂപതകൾ സ്ഥാപിക്കുവാൻ ആലോചനയും ഉള്ളതായി അറിയുന്നു. മലബാർറീത്തിന്റെ സർവ്വവിധമായ പൈതൃകപാരമ്പര്യത്തിന്റെ ഉയർച്ചയും സഹായമാകത്തക്ക നിലയിലാണ് അവർക്ക് വടവാതൂർ (കോട്ടയം) മേജർസിമ്മനാരി 1962 ൽ അനുവദിച്ചതു്. ആ സിമ്മനാരിയിലെ അദ്ധ്യാപകരിൽ മൂന്നു പേരിന്നു് മെത്രാൻസ്ഥാനികളായിട്ടുണ്ടു്. സിറിൽ മാർ ബസ്സേലിയോസ് (ബത്തേരി), മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ (പാലാ), മാർ ജോർജ്ജ് പുന്നക്കോട്ടിൽ, (കോതമംഗലം) എന്നിവരാണ് ആ അഭിവന്ദ്യപിതാക്കന്മാർ. ഈ സിമ്മനാരിയിൽ പരിശീലനം നടത്തുന്ന മലബാർറീത്തിലെ ബ: വൈദീകർ, അവരുടെറീത്തിന്റെ

www.malankaralibrary.com



ആചാരങ്ങളും മററും പരിപാലിക്കുന്നതിൽ വളരെ നിഷ്ഠയുള്ളവരാണ്. മലബാർറീത്തിലെ മേലദ്ധ്യക്ഷന്മാരെല്ലാം തിരുസിംഹാസനത്തോട്ട് വളരെ ഭക്തിയുള്ളവരാണ്. അവരുടെ ഭരണത്തിൽ മലബാർറീത്ത് ഇന്ത്യയിൽ അത്യുച്ചകോടിയിലെത്തുമെന്നുള്ളതിന് യാതൊരു സംശയവുമില്ല

## കേരളത്തിലെ ലത്തീൻറീത്തുകാരുടെ സ്ഥിതിവിവരം (ചുരുക്കത്തിൽ)

പോർട്ടുഗീസുകാരുടെ വരവിനുമുമ്പുതന്നെ ഗോവാ അതിരൂപത അനുവദിച്ചിരുന്നു. അതിന്റെ കൈക്കീഴിൽ കന്യാകുമാരി ആയിരുന്നു. പിന്നീട്ട് കാലക്രമത്തിൽ വരാപ്പുഴ അതിരൂപത തുടങ്ങി. വരാപ്പുഴ അതിരൂപതാദ്ധ്യക്ഷന്മാർ മലബാർറീത്തുകാരെയും [പഴയകൂറുകാർ], ലത്തീൻറീത്തുകാരെയും ഭരിച്ചു. സുറിയാനിക്കാർക്ക് വേറെ രൂപതകളും, അദ്ധ്യക്ഷന്മാരെയും നിയമിച്ചപ്പോൾ, അവരുടെമേലുള്ള ഭരണം വരാപ്പുഴ അധികൃതർ വിട്ടു അന്നുമുതൽ കേരളത്തിലെ ലത്തീൻ റീത്തുകാർ വരാപ്പുഴ അതിരൂപതയുടെ ഭരണത്തിലായി. ആ അതിരൂപതയിൽ ഇപ്പോൾ കോഴിക്കോട്ട്, കൊച്ചി ആലപ്പുഴ, വിജയപുരം, കൊല്ലം, തിരുവനന്തപുരം, പുനലൂർ എന്നിങ്ങനെ ഏഴ് സാമന്തരൂപതകൾ ഉണ്ട്. കോട്ടാർ രൂപത ഉൾപ്പെട്ടുനിൽക്കുന്ന സ്ഥലം തമിഴ് നാട്ടിൽ ചേർത്തുകൊണ്ടു് ആ രൂപത ഇപ്പോൾ മധുര അതിരൂപതയുടെ കീഴിലാണ്. വരാപ്പുഴ അതിരൂപത

www.malankaralibrary.com



യിലെ എല്ലാ രൂപതകളിലും ഇപ്പോൾ നാട്ടമെത്രാന്മാരാണ് ഭരിക്കുന്നത്. മലയാളത്തിലാണ് ആരാധന നടത്തുന്നത്. കോട്ടാർരൂപതയിൽ തമിഴിലാണ് പ്രാർത്ഥനകളെല്ലാം. നാട്ടുമെത്രാന്മാരുടെ ഭരണത്തിൽ അതിരൂപതയ്ക്കു് വളരെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. എല്ലാരൂപതകളിലുംനിന്നു് ബ: അച്ചന്മാരും, കന്യാസ്ത്രീകളും കേരളത്തിനുവെളിയിൽ സുവിശേഷവേലയ്ക്കു് പോയിട്ടുണ്ട് കോട്ടാർ രൂപതയിൽ; നട്ടാലം സ്വദേശിയായിരുന്ന ദേവസഹായംപിള്ള 1752—ൽ രക്തസാക്ഷിയായി കാററാടി മലയിൽവച്ചു് മരിച്ചിട്ടുണ്ട്. ആ സ്ഥലത്തു് ഇപ്പോൾ ധാരാളം അതിശയങ്ങൾ നടക്കുന്നുണ്ടു്. ലത്തീൻ രൂപതാദ്ധ്യക്ഷന്മാർ എല്ലാവരും തന്നെ മലബാർ മലങ്കര എന്നീ റീത്തുകളുമായി സഹകരിച്ചു പോകുന്നു.

## കേരളത്തിലെ പുത്തൻകൂററുകാരുടെ ഇന്നത്തെ സ്ഥിതി

പുത്തൻകൂററുകാർ അനുസരണക്കേടിൽ ഉണ്ടായ സംഘടനയായതുകൊണ്ടു് മേലധികാരികളെ അനുസരിക്കുന്നതിൽ അവർക്കു് വലിയ താല്പര്യമില്ല. കൂനൻ കുരിശുസത്യത്തിനുശേഷം അവർ യാക്കോബായസഭയിയിലായി. ഇന്നേക്കു് 150 വർഷത്തിനുമുമ്പു് തിരുവിതാംകൂർ ഭരിച്ചിരുന്ന, പാർവ്വതി റാണി, പുത്തൻകൂററുകാരുടെ വിദ്യാഭ്യാസത്തിനും മററുമായി മൂവായിരം പൂവരാഹൻ [പതിനായിരത്തിഅഞ്ഞൂറുരൂപ] അവർക്കു് കൊടുത്തു. അതു് മദ്രാസ് ബേങ്കിൽ വട്ടിക്കു് (പലിശയ്ക്കു്) ഇട്ടിരിക്കുകയാണ്. ആ പലിശയുടെ അവകാശ

www.malankaralibrary.com



ത്തിൻെറ പേരിൽ, യാക്കോബായക്കാർ കേസുതുടങ്ങി യിട്ട് 60 വർഷത്തിലധികമായി. ഇപ്പോഠം അവർ യാക്കോബായക്കാരെന്നും, ഓർത്തഡോക്സ്കാരെന്നും രണ്ടായി പിരിഞ്ഞിരിക്കുന്നു. അവർ ജനസംഖ്യയിൽ ഇരുപതുലക്ഷത്തോളം ഉണ്ടെന്നുപറയുന്നു.

യാക്കോബായസഭയുടെ മേലദ്ധ്യക്ഷനെ നിഷേധിച്ച് 1772-ൽ തോഴിയൂർ ഒരു സഭ ഉണ്ടായി. യാക്കോബായ സഭയുടെ വിശ്വാസവും മാർത്തോമ്മാ സഭയുടെ കൈവയ്പും ആണ് അവർക്കുള്ളത്. ആ സഭയുടെ നിലനില്പു ശരിയല്ലെന്നു മനസ്സിലാക്കി ആ സഭയുടെ പരമാദ്ധ്യക്ഷനും 13—ാമത്തെ മെത്രാച്ചനുമായിരുന്ന പൗലൂസ് മാർ പീലക്സീനോസ് തിരുമേനി കുറെജനവുമായി 1977-ൽ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. ഇനിയും കുറെ ആളുകഠംകൂടി പുനരൈക്യപ്പെടുവാൻ ആലോചനയിലിരിക്കുന്നു. തോഴിയൂർസഭയിൽ ആയിരത്തിൽകൂടുതൽ ജനസംഖ്യയില്ല.

തോഴിയൂർസഭ തുടങ്ങി കുറെനാഠംകഴിഞ്ഞപ്പോഠം പ്രോട്ടസ്റ്റൻറുകാർ കേരളത്തിൽവന്നു. അവരോട് കുറെ ജനങ്ങഠം അനുകൂലിച്ചു. അവർ സി. എം. എസ്സ്; എൽ. എം. എസ്സ്., ലൂഥർമിഷ്യൻ, ബാസ്സൽമിഷ്യൻ മുതലായ സഭകളായിത്തീർന്നു. അപ്പോഴേക്ക് പ്രോട്ടസ്റ്റൻറുകാരോട് അനുകൂലിച്ച് യാക്കോബായസഭയിൽ നിന്ന്, നവീകരണസഭ (മാർത്തോമ്മാസഭ) ഉണ്ടായി. അവർ ഇപ്പോഠം നാലുലക്ഷം ഉണ്ടെന്നുപറയുന്നു. മാർത്തോമ്മാക്കാരിൽനിന്ന് ബ്രദർ, പെന്തിക്കോസ്ത്, രക്ഷാസൈന്യം മുതലായ സഭകഠം ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1960ൽ

www.malankaralibrary.com



മാർത്തോമ്മാസഭയിൽനിന്നു് ഇവാൻജലിക്കൽസഭ പിരിഞ്ഞു ആ സഭ, ഇപ്പോൾ ഭരണകക്ഷി, ബിഷപ്പിന്റെ കക്ഷി എന്നിങ്ങനെ രണ്ടായിപിരിഞ്ഞ് വസ്തുവകകൾക്കുവേണ്ടി കേസ്സുനടത്തുന്നു. സി. എം. എസ്സ്. സഭ സി. എസ്സ്. ഐ. ആയി രൂപാന്തരപ്പെട്ടു. അതിൽനിന്നു് ഇപ്പോൾ മൂന്നുവിധ സി എം എസ്സ്. ഉണ്ടായിരിക്കുന്നു അവർതമ്മിലും കേസ്സുകൾനടത്തുന്നു. മാർത്തോമ്മാസഭയിൽ, വി: കുർബ്ബാനയിൽ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ടെന്നും; ഇല്ലെന്നും; കുറച്ചു് ഉണ്ടെന്നും; ഉണ്ടെങ്കിലും ഇല്ലെങ്കിലും സാരമില്ലെന്നും മററുമുള്ള വിഭിന്ന ചിന്താഗതിക്കാരായ മേല്പട്ടക്കാരും, പട്ടക്കാരും, ജനങ്ങളും ഉണ്ടു്. മാർത്തോമ്മാ, പ്രോട്ടസ്റ്റന്റ്, തൊഴിയൂർ ഇവാൻജലിക്കൽ എന്നീ സഭകളുടെ വിശ്വാസം തെററാണന്നു് യാക്കോബായസഭ തത്വത്തിൽ പറയുമെങ്കിലും, യാക്കോബായസഭയിലെ വൈദികരുടെ സന്താനങ്ങളെപ്പോലും ആ സഭകളിലേക്കു് വിവാഹം കഴിപ്പിച്ചു കൊടുക്കുന്നുണ്ടു്. പുത്തൻകൂറിൽനിന്നു് ഉണ്ടാകുന്ന സഭകൾ പട്ടത്വത്തിലും വിശ്വാസകാര്യങ്ങളിലുംയാതൊരുക്രമവും ഇല്ലാത്തതിനാൽ ദിവസം തോറും ക്ഷയിച്ചു ക്ഷയിച്ചു വരുന്നു പുത്തൻകൂററുകാർ, "ഏകതൊഴുത്തും ഏകഇടയനും" ഉള്ള കത്തോലിക്കാ സഭയിൽ വന്നുചേരാൻ പ്രാർത്ഥിക്കാം.

MALANKARA
LIBRARY